# മതബോധനത്തിലെ പുതിയ നീക്കങ്ങൾ

ജി. പാനികുളം

268·4
AU

എസ്. എച്ച്. ലീഗ്

# മതബോധനത്തിലെ പുതിയ നീക്കങ്ങൾ

ജി. പാനികുളം

14905

എസ്. എച്ച്. ലീഗ്.

# SACRED HEART LEAGUE

MALAYALAM
BIMONTHLY
VOL. 49 NO. 2
MARCH 1968

*Edited by:*

FR. PAULINUS O. C. D.

*Printed by:*

BR. C. F. JOSEPH

AT J. M. PRESS, ALWAYE-3

*And Published by Him:*

AT ST. JOSEPH'S PONTIFICAL
SEMINARY, ALWAYE-3

*Subscription:*

SINGLE COPY: 0—25
ANNUAL: 1—50

CUM PERMISSU SUPERIORUM

M/268.4
PAU

# മതബോധനത്തിലെ

# പുതിയ നീക്കങ്ങൾ

"പരിമിതികളുടെ അവബോധത്തിൽനിന്നുണ്ടാകുന്ന ഉൽക്കണ്ഠയാൽ ചഞ്ചലിതനാണു് ആധുനികമനുഷ്യനെപ്പോഴും". ആധുനികമനുഷ്യനെ അരച്ചുകുറുക്കിപ്പഠിച്ചിട്ട് ഒരസ്തിത്വചിന്തകൻ എഴുതിവെച്ചവയാണീ വരികൾ. നേരാണ്, ജീവിതത്തിന്റെ എല്ലാത്തുറകളിലും പരിമിതികളനുഭവപ്പെടുന്ന ആധുനികമനുഷ്യൻ. പരിമിതികളുടെ ഈ പരിവൃത്തങ്ങളിൽ ഒരു പുതിയ രൂപമുൾക്കൊള്ളുകയാണു ക്രിസ്തുവിന്റെ സഭ. ദൈവത്തിങ്കലേക്കു മനുഷ്യരാശിയെ കൈപിടിച്ചടുപ്പിക്കുക—അതാണു സഭയ്ക്കീലോകത്തിൽ നിർവ്വഹിക്കാനുള്ള ദൗത്യം. ആധുനികകാലത്തിന്റെ വിവിധതലങ്ങളിൽ ക്രിസ്തുവിന്റെ ആദർശങ്ങൾ ജീവിക്കപ്പെടണം—അതാണു സഭയിന്നുന്നംവയ്ക്കുന്നതു്. ലോകത്തിൽ ക്രിസ്തുവിന്റെ തുടർച്ചയാണു സഭ. വചനത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടിയാണവൾ നിലകൊള്ളുക. അതിലൂടെവേണം ലോകത്തിന്റെ മുമ്പിൽ ക്രിസ്തുവിന്നവൾ സാക്ഷ്യംവഹിക്കുക; അതിലൂടെവേണം

ലോകത്തിന്നവരാം സേവനമർപ്പിക്കുക; അതിലൂടെത്തന്നെ വേണം ക്രിസ്തുവിൽ എല്ലാററിനേയുമവരാം ഒന്നിപ്പിക്കുക. വചനത്തിൻെറ ശുശ്രൂഷയെന്നതു രണ്ടു കാര്യങ്ങളുറാംക്കൊള്ളുന്നുണ്ടു്—സുവിശേഷഘോഷണവും മതബോധനവും. സുവിശേഷഘോഷണത്തിലൂടെ ക്രൈസ്തവതത്വങ്ങറാം ലോകത്തിലറിയപ്പെടണം. അറിഞ്ഞകാര്യങ്ങറാംക്കു മതബോധനത്തിലൂടെ ആഴവും വ്യാപ്തിയും സിദ്ധിക്കണം, ജീവിതത്തിൽ പ്രാവർത്തികമാക്കപ്പെടത്തക്കവിധം.

വചനത്തിൻെറ ശുശ്രൂഷയിൽ വിജയംവരിക്കുക—അതോടെ സഭയുടെ ദൗത്യം വളരെ വിജയിച്ചു. അതു സാധിക്കയാണു സഭയിലിന്നു നടക്കുന്ന നവീകരണങ്ങളുടെ ലക്ഷ്യം. ക്രിസ്തീയതത്വങ്ങറാം ആധുനികമനുഷ്യൻെറ പരിതോവസ്ഥകറാംക്കനുസരിച്ചവതരിപ്പിക്കുക—അതാണു് ഈ നവീകരണംകൊണ്ടു സഭയുദ്ദേശിക്കുന്നതു്. അവതരിപ്പിച്ചതുകൊണ്ടു മാത്രമായില്ലല്ലോ, ജീവിതത്തിലൂടെ പ്രാവർത്തികമാക്കണ്ടേ? വേണം, തീർച്ചയായും വേണം. ഇവിടെയാണു മതബോധനത്തിൻെറ പ്രാധാന്യം തെളിഞ്ഞു തെളിഞ്ഞു വരിക. ഇവിടെത്തന്നെയാണു ഇക്കാര്യത്തിൽ നൂതനങ്ങളായ കാഴ്ചപ്പാടുകറാം സ്വീകരിക്കാൻ നാം നിർബന്ധിതരാവുന്നതും.

കൗൺസിലിനു വളരെമുമ്പേ തുടങ്ങിയതാണു മതബോധനത്തിൻെറ കാര്യത്തിൽ ചില പുതിയ നീക്കങ്ങറാം. ഇതുവരെയുണ്ടായ നവീകരണപ്രസ്ഥാനത്തെ അംഗീകരിച്ചുറപ്പിക്കുകയായിരുന്നു കൗൺസിലൊരുവിധത്തിൽ. കൗൺസിലിനുശേഷം സഭയിൽ നടക്കുന്ന അഴിച്ചുപണികളും പൊളിച്ചെഴുത്തുകളുമൊക്കെ എത്തിയെത്തിനില്ക്കുന്നതും മതബോധനത്തിൻെറ നൂതനാഭിമുഖ്യങ്ങളിലേക്കുതന്നെ. സഭയുടെ ഏററവും വലിയ കടമയും ദൗത്യവും വചനത്തിൻെറ

ശുശ്രൂഷയാണെന്നു കൗൺസിൽ വ്യക്തമാക്കി. അതുകൊണ്ടാണു മെത്രാന്മാക്കുള്ള ഡിക്രിയിൽ കൗൺസിൽ തറപ്പിച്ചുപറയുന്നത്: "പ്രബോധനത്തിലൂടെ വിശ്വാസം സജീവവും ബോധപൂർവ്വകവും കർമ്മനിരതവുമാക്കുകയാണു മതപരിശീലനത്തിന്റെ ലക്ഷ്യം. തന്മൂലം, ബാലികാബാലന്മാക്കും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മുതിർന്നവക്കുപോലും മതബോധനം നല്കാൻ മെത്രാന്മാർ അതീവം ശ്രദ്ധാലുക്കളാകണം."[1] ഈ വലിയ കടമയെ കണക്കിലെടുത്തുകൊണ്ടാണു കഴിഞ്ഞവർഷംചേർന്ന ഭാരതീയമെത്രാന്മാരുടെ സമ്മേളനം പറഞ്ഞുവച്ചത്, "മതബോധനപരവും ആരാധനക്രമപരവുമായ പ്രവത്തനങ്ങൾക്കൊക്കെ മുൻഗണനകൊടുക്കുക—അതാണു ഭാരതസഭയുടെ ഇന്നത്തെ ലക്ഷ്യം. കാരണം, അതുവഴിവേണം മനുഷ്യന്റെ സാമുദായിക സാംസ്കാരികനില മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾക്കും ദൈവരാജ്യത്തിലിനിയും അംഗത്വം ലഭിച്ചിട്ടില്ലാത്തവരോടുള്ള സൗഹൃദസംഭാഷണത്തിനും ലക്ഷ്യവും പ്രചോദനവും ലഭിക്കുക. ക്രിസ്തുവെന്ന രഹസ്യത്തിലാണവയുടെയൊക്കെ ആരംഭവും അവസാനവും. അതിലേക്കു നയിക്കുന്നതോ മേല്പറഞ്ഞ സംരംഭങ്ങളും"[2]

മതബോധനത്തിന്റെ കാര്യത്തിൽ മിഴിവുററ പുരോഗതിയുണ്ടായിക്കഴിഞ്ഞു പാശ്ചാത്യരാജ്യങ്ങളിലിതിനകം. പക്ഷേ, ആ നവോത്ഥാനത്തിന്റെ കാററുവീശിയിട്ടില്ല ഭാരതസഭയിലിനിയും; പ്രത്യേകിച്ചു കേരളത്തിൽ. സംഘടിതമായ പ്രവത്തനങ്ങളൊന്നും ഇക്കാര്യത്തിലിവിടെ നടന്നിട്ടില്ല. വല്ലതും നടന്നിട്ടുണ്ടെങ്കിൽത്തന്നെ അവ ഇന്നിന്റെ, ആവ

---

1. Vat. II, Decree On the Pastoral Office of the Bishops, n. 14.

2. Report of the C. B. C. I. 4, Page 11.

ശ്യങ്ങൾക്കൊത്തതായിട്ടുമില്ല. ഒന്നുതീർച്ച. ഈയിനത്തിൽ ഇവിടെയൊരു നവീകരണം നടന്നില്ലെങ്കിൽ പരിണിതഫലങ്ങൾ ദൂരവ്യാപകങ്ങളായിരിക്കും. ഫാ. ഹോഫിംഗറിൻെറ വാക്കുകൾതന്നെ ഉദ്ധരിക്കട്ടെ: "കേരളത്തിലെ മതബോധനരംഗത്തൊരു പരിവർത്തനം വന്നില്ലെങ്കിൽ ചൈനയിലെ ഗതികേടിവിടെ ആവർത്തിക്കപ്പെട്ടേക്കും. മതപരിശീലനത്തിൻെറ കാര്യത്തിലുണ്ടായ അനാസ്ഥയാണു ചൈനയെ ദൈവത്തിൽ നിന്നകററിയതു്."[1] കേരളസഭയുടെ അസ്തിത്വംതന്നെ അങ്ങിങ്ങു ചോദ്യംചെയ്യപ്പെടാൻ തുടങ്ങിയിരിക്കുന്നു. ആ വെല്ലുവിളിയെ നേരിടുന്നതിനുള്ള ഏററവും നല്ലൊരു നീക്കമായിരിക്കും കേരളത്തിലെ മതബോധനത്തിനൊരു പുതുജീവൻ നല്കുക. ഒപ്പം കൗൺസിൽരേഖകളെയൊക്കെ പ്രാവർത്തികമാക്കാൻ നാം ചെയ്യുന്ന ഏററവും വലിയ പരിശ്രമവും.

## മതബോധനം ചരിത്രത്തിൻെറ ഗതിയിൽ

രക്ഷാകരചരിത്രത്തിൻെറ തുടക്കത്തിലേയുണ്ടു തെററിപ്പോയ മനുഷ്യനെ ദൈവത്തിങ്കലേയ്ക്കു തിരികെക്കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ. ദൈവം തനിക്കായി ഒരു ജനത്തെ വിളിക്കുന്നതിൻേറയും വിശുദ്ധീകരിക്കുന്നതിൻേറയും ചരിത്രമാണു പഴയനിയമം മുഴുവനും. സീനായിലെ ഉടമ്പടിവഴി തൻെറ ജനത്തെമുഴുവൻ ഒന്നിപ്പിക്കുകയായിരുന്നു ദൈവം. ദൈവശുശ്രൂഷയ്ക്കുള്ള ക്ഷണമാണു സീനായിലെ ഉടമ്പടിയിൽ ഇസ്രായേലിനു ലഭിച്ചതു്. ദൈവശുശ്രൂഷയ്ക്കുവേണ്ടിയാണു ദൈവത്തിൻെറ സ്വന്തം ജനമായി ഇസ്രായേൽ തിരഞ്ഞെടു

---

1. Fr. Hofinger in the Catechism Seminar at Alwaye, Oct. 1967.

ക്കപ്പെട്ടതു്."ഞങ്ങളെന്നും യഹോവായെ ശുശ്രൂഷിക്കും. കാരണം, അവൻ ഞങ്ങളുടെ ദൈവമാകുന്നു." ഇതായിരുന്നു സീനായിലേ ഉടമ്പടിയിൽ ഇസ്രായേൽ ദൈവത്തോടു ചെയ്ത പ്രതിജ്ഞ (ജോഷ്വ 24, 16–18). അവരാപ്രതിജ്ഞ ലംഘിച്ചപ്പോഴൊക്കെ ദൈവത്തിങ്കലേക്കവരെ തിരിച്ചുടപ്പിക്കുകയായിരുന്നു പ്രവാചകന്മാർ. രക്ഷകൻെറ വരവിനായവർ വഴിയൊരുക്കി. പ്രവാചകദൗത്യത്തിൻെറ മുഴുവൻ കേന്ദ്രം മിശിഹായായിരുന്നു; വ്യക്തമാണതു്.

പ്രബോധകൻ എന്ന നിലയിൽ പഴയനിയമത്തിലേ പ്രവാചകന്മാരുടെ കാലടികളെത്തന്നെയാണു ക്രിസ്തു പിൻതുടർന്നതു്. എന്നാൽ അവിടുന്നു സകല പ്രവാചകന്മാരുടേയും പ്രവാചകനും മാതൃകാപ്രവാചകനുമാണു്. പ്രബോധനത്തിൽ അവിടുത്തെ വെല്ലുന്ന പ്രവാചകന്മാരാരുമില്ല. അവിടുന്നു ദൈവികപ്രബോധകനായിരുന്നതിനാൽ മററു പ്രവാചകന്മാർക്കു സാധ്യമല്ലാതിരുന്ന നൂതനസനാതനസത്യങ്ങളെ അവിടുന്നാവിഷ്കരിച്ചു. സന്ദേശത്തിൽ മാത്രമല്ല, രീതിയിലും അവിടുത്തെ കവച്ചുവയ്ക്കുവാൻ മററാർക്കു കഴിയും? പ്രാത്ഥനാലയങ്ങളും മലയോരങ്ങളും കായൽത്തീരങ്ങളും നടവരമ്പുകളുമെല്ലാം മതബോധനക്ലാസ്സുകളാക്കി മാററിക്കൊണ്ടും ജനങ്ങളുടെ ചിന്താസരണിയോടു താദാത്മ്യംപ്രാപിച്ചുകൊണ്ടുമുള്ള അവിടുത്തേ പ്രബോധനസമ്പ്രദായം ഒന്നുവേറെത്തന്നെയാണു്. ആ 'റബ്ബി'യുടെ ചുററും ഓടിക്കൂടാത്ത ആൾക്കാരില്ല. എല്ലാത്തരത്തിലുംപെട്ട ശ്രോതാക്കൾ. അവിടുന്നു ഗുരുവും അവർ ശിഷ്യരും. എന്നാൽ, ക്രിസ്തുവിൻെറ പ്രബോധനത്തിൻെറ മാനദണ്ഡം അവിടുത്തേ ജീവിതംതന്നെയാണു്. അതിൻെറ മകുടം കാൽവരിയിലേ ആത്മബലിയും. ആ ബലിവേദിയിൽനിന്നു ജന്മം സ്വീകരിച്ചതായിരിക്കും അനന്തരകാലത്തേ മതപ്രബോധനം.

# അപ്പസ്തോലികകാലത്ത്

സകലജാതികളേയും പഠിപ്പിച്ചു ശിഷ്യപ്പെടുത്തുന്നതിനുള്ള ദിവ്യദൗത്യമാണു അപ്പസ്തോലന്മാർക്കു ക്രിസ്തു നല്കിയതു്. ക്രിസ്തു പഠിപ്പിച്ചവയായിരുന്നു അപ്പസ്തോലികപ്രബോധനത്തിന്റെ മുഴുവൻ കാതൽ. വി. പൗലോസിന്റെ വാക്കുകൾതന്നെയാണിതിന്നുപോദ്ബലകം. "ഞങ്ങൾ ഞങ്ങളെത്തന്നെയല്ല കർത്താവായ മിശിഹായെ പ്രസംഗിക്കുന്നു" (2 കൊറി. 4, 5). ക്രിസ്തുവിന്റെ ജീവിതത്തിലേ വിവിധസംഭവങ്ങളെടുത്തുകാട്ടിയപ്പോഴും നിവേശനത്തിൻകീഴിലവ അവതരിപ്പിച്ചപ്പോഴും ഒരു ലക്ഷ്യമാണപ്പോസ്തലന്മാർക്കുണ്ടായിരുന്നതു്—ക്രിസ്തു ദൈവപുത്രനാണെന്നും ലോകരക്ഷകനാണെന്നും അവിടുത്തെ ജീവിതത്തിൽനിന്നുതന്നെ തെളിയിക്കുക. ഒററവാക്കിൽപ്പറഞ്ഞാൽ ക്രിസ്തുവിനോടു നമ്മെ അടുപ്പിക്കുകയാണു് അപ്പസ്തോലികപ്രവർത്തനങ്ങളത്രയും. പത്രോസും പൗലോസുംതന്നെ മതപ്രബോധകന്മാരുടെ മുൻപന്തിയിൽ നില്ക്കുന്ന മെച്ചപ്പെട്ട ഉദാഹരണങ്ങൾ. രക്ഷാകരചരിത്രത്തിലേ പ്രധാനസംഭവങ്ങളവതരിപ്പിച്ചുകൊണ്ടു് അവയുടെ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ ജീവിതത്തേയും മരണത്തേയും ഉത്ഥാനത്തേയും ചിത്രീകരിക്കുകയാണു വി. പത്രോസ്. ലളിതമാണു പ്രബോധനരീതി. എങ്കിലും എല്ലാററിനേയുമുൾക്കൊള്ളുന്നുണ്ടതു്. നടപടിപ്പുസ്തകത്തിലുണ്ടു പത്രോസിന്റെ പ്രബോധനരീതിയുടെ മിഴിവുററ ചിത്രങ്ങൾ:

"എല്ലാവരുടേയും കർത്താവായ ഈശോമിശിഹാവഴി അവിടുന്നു് ഇസ്രായേല്യരെ സമാധാനത്തിന്റെ സുവിശേഷം അറിയിച്ചു. യോഹന്നാൻ പ്രസംഗിച്ച ജ്ഞാനസ്നാനത്തിനു

ശേഷം ഗലീലിയിൽ തുടങ്ങി യൂദയായിലെങ്ങും സംഭവിച്ചവ നിങ്ങൾക്കറിയാമല്ലോ.

"നസ്രത്തുകാരനായ ഈശോയെ ദൈവം തൻെറ ശക്തിയാലും പരിശുദ്ധാത്മാവിനാലും അഭിഷേകം ചെയ്തു. അവിടുന്നു നന്മചെയ്തുകൊണ്ടും പിശാചുബാധിതരെ സുഖപ്പെടുത്തിക്കൊണ്ടും ചുററിസഞ്ചരിച്ചു. ദൈവം അവിടുത്തോടുകൂടെ ഉണ്ടായിരുന്നു. യൂദയായിലും ജറുസലെമിലും അവിടുന്നു ചെയ്തവയ്ക്കെല്ലാം ഞങ്ങൾ സാക്ഷികളാണു്. എന്നിട്ടും യഹൂദന്മാർ അവിടുത്തെ മരത്തിൽ തൂക്കിക്കൊന്നു.

"എന്നാൽ, ദൈവം മൂന്നാംദിവസം അവിടുത്തെ ഉയിർപ്പിച്ചു; അവിടുന്നു പ്രത്യക്ഷനാകാൻ ദൈവം ഇടയാക്കി. എങ്കിലും എല്ലാവർക്കും അവിടുന്നു പ്രത്യക്ഷപ്പെട്ടില്ല. അവിടുത്തേക്കു സാക്ഷികളാകാൻ ദൈവം മുൻകൂട്ടി തെരഞ്ഞെടുത്തവരായ ഞങ്ങൾക്കു് അവിടുന്നു പ്രത്യക്ഷപ്പെട്ടു. അവിടുത്തെ പുനരുത്ഥാനത്തിനുശേഷം ഞങ്ങൾ അവിടുത്തോടുകൂടെ ഭക്ഷിക്കുകയും പാനംചെയ്കയും ചെയ്തു.

"ജീവിക്കുന്നവരുടേയും മരിച്ചവരുടേയും ന്യായാധിപതിയായി ദൈവം നിശ്ചയിച്ചിരിക്കുന്നതു് അവിടുത്തെത്തന്നെയാണെന്നു ജനങ്ങളോടു പ്രസംഗിക്കാനും അതിനു സാക്ഷ്യംവഹിക്കാനും അവിടുന്നു ഞങ്ങളോടു കല്പിച്ചിരിക്കുന്നു.

"അവിടുത്തെ വിശ്വസിക്കുന്നവർക്കെല്ലാം അവിടുത്തെ നാമംവഴി പാപമോചനം ലഭിക്കുമെന്നു സകല പ്രവാചകന്മാരും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു." (നടപടി 10, 36–43) പെട്ടെന്നു സാധിച്ചു പത്രോസിൻെറ പ്രബോധനത്തിൻെറ ലക്ഷ്യം. അതു ശ്രവിച്ചവരിൽ വളരെപ്പേർ മനസ്സുതിരിഞ്ഞു മാമ്മോദീസാ സ്വീകരിച്ചു. ചരിത്രത്തിൻെറയും വേദപുസ്തകത്തിൻെറയും പിൻബലത്തിൽ രക്ഷയുടെ സുവിശേഷം കൈമാറിക്കൊണ്ടു സകല മനുഷ്യരേയും ക്രിസ്തുവിലു

ടെ ദൈവത്തിലൊന്നിപ്പിക്കുന്നതിനുള്ള ക്ഷണമാണു വി. പത്രോസിൻേറത്ത്.

ബൈബിളിൻേറതന്നെ ചുവടുപിടിച്ചാണു വി.പൗലോസിൻേറയും പോക്ക്. വിശ്വാസത്തിലേക്കു നയിക്കുന്നതിനു ശക്തങ്ങളായ വേദപുസ്തകഭാഗങ്ങൾ മാത്രമേ ഇക്കാര്യത്തിന്നദ്ദേഹം തിരഞ്ഞെടുത്തിട്ടുള്ളു. ക്രിസ്തുവിൽ നമുക്കു നല്കപ്പെട്ട വലിയദാനങ്ങളുടെ സന്ദേശമാണു വി. പൗലോസ് അവതരിപ്പിക്കുന്നത്. പിതാവിൻേറ സ്നേഹത്തിൻേറ 'ഏററവും വലിയ ദാനമാണു ക്രിസ്തു'. ക്രിസ്തുവിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുകയായിരുന്നു പിതാവ്. ഒപ്പം തൻേറ ഏകജാതൻേറ ജീവിതത്തിലും മഹത്വത്തിലും പങ്കുചേരാൻ നമ്മെ ക്ഷണിക്കുകയും. "നമ്മുടെ കർത്താവായ ഈശോമിശിഹായുടെ മഹത്വത്തിൽ പങ്കുപററാനാണു ഞങ്ങളുടെ സുവിശേഷത്തിലൂടെ ദൈവം നിങ്ങളെ വിളിച്ചത്" (2 തെസ. 2, 14). ക്രിസ്തുതന്നെ പൗലോസിൻേറ പ്രബോധനങ്ങളുടേയും കേന്ദ്രം. ക്രിസ്തുവെന്ന ഏകസങ്കേതത്തിൽ നിന്നാണു അപ്പസ്തോലൻേറ മറെറല്ലാ ആശയങ്ങളും ഉറവുപൊട്ടുക. ക്രിസ്തുവെന്ന രഹസ്യവും ക്രിസ്തുവിലുള്ള നമ്മുടെ രക്ഷയുടെ സുവിശേഷവും— അതാണു പൗലോസിൻേറ പ്രബോധനവിഷയം.

## രണ്ടു പ്രത്യേകതകൾ

അപ്പസ്തോലികപ്രബോധനത്തിലുടനീളം തെളിഞ്ഞു കാണാം രണ്ടു പ്രത്യേകതകൾ—ഒരേസമയം ക്രിസ്തു കേന്ദ്രീകൃതവും ദൈവകേന്ദ്രീകൃതവുമായിരിക്കുക. രക്ഷാകരപദ്ധതിയിൽ അവശ്യം കാണേണ്ട പ്രത്യേകതയാണിത്. ദൈവത്തെ കേന്ദ്രമാക്കിയാണു രക്ഷാകരപദ്ധതിയുടെ മുഴുവൻ നിലനിൽപ്. കാരണം, ദൈവമാണതിനു രൂപംകൊടുത്തത്;

പ്രവൃത്തിയിൽപ്പകർത്തിയതും അവിടുന്നുതന്നെ. അവിടുത്തെ മഹത്വംതന്നെയാണതിൻെറ ലക്ഷ്യം. അതേസമയം ദൈവാവിഷ്കൃതമായ രക്ഷാകരചരിത്രത്തിൻെറമുഴുവൻ കേന്ദ്രം ക്രിസ്തുവാണു്. ക്രിസ്തുവിലൂടെ പൂർത്തിയാകേണ്ട രക്ഷാകരപദ്ധതിയ്ക്കാണു ദൈവം രൂപംകൊടുത്തതെന്നു സാരം. മനുഷ്യാവതാരത്തിനു മുമ്പു ചരിത്രംമുഴുവൻ ക്രിസ്തുവിനെ ലക്ഷ്യംവച്ചു നീങ്ങി. മനുഷ്യാവതാരത്തിനുശേഷം ചരിത്രമപ്പാടെ ക്രിസ്തുവിൽനിന്നുരുത്തിരിഞ്ഞു.[1]

അപ്പസ്തോലന്മാർ പ്രബോധനത്തിനു സ്വീകരിച്ചതൊരു പ്രത്യേകരീതിയാണു്. ചരിത്രത്തിൽനിന്നും ബൈബിളിൽനിന്നുമൊരുവിവരണം. മനുഷ്യൻെറ സകലപ്രത്യാശയുടേയും കേന്ദ്രമായ ക്രിസ്തുവിനെ ഈ പശ്ചാത്തലത്തിലവതരിപ്പിക്കുക, അതിൻെറ സ്ഥിരീകരണത്തിനായി വി. ലിഖിതത്തിൽനിന്നുതന്നെയൊരു ഭാഗമെടുത്തു കാട്ടുക. എന്നിട്ടു ശ്രോതാക്കളുടെ ജീവിതത്തിലേക്കു കുറെ പ്രായോഗികനിർദ്ദേശങ്ങളെറിഞ്ഞുകൊടുക്കുക. പരിപൂർണ്ണമായ മനസ്സുതിരിവിലേക്കു ശ്രോതാക്കളെ നയിക്കാനവർക്കു കഴിഞ്ഞു എന്നതാണീ രീതിയുടെ പ്രത്യേകത.[2] വാമൊഴിവഴിയല്ലാതെ വരമൊഴിയായി അന്നൊരു പ്രബോധനമേ ഇല്ലായിരുന്നു.

---

1. Dominico Grasso S.J., What is the Real Core of Our Missionary Preaching, Eichstatt Study Week, 1960

2. G. Emmet Carterr, The Modern Challenge to Religious Education, Sadlier, New York. 1961.

## ആദിമസഭയിലെ മതബോധനം

ആരാധനക്രമമായിരുന്നു ആദിമസഭയിലെ മതബോധനത്തിന്റെ ഏററവും വലിയ ഉപാധി. ക്ലാസ്സുരൂപത്തിലുള്ളൊരു പഠനമന്നില്ലായിരുന്നു. കർത്താവിന്റെ അപ്പം മുറിക്കുന്നതിനു് എല്ലാവരും ഒത്തുകൂടും. അതിന്റെ ആരംഭം പ്രബോധനത്തോടുകൂടെയും. ഇടദിവസങ്ങളിൽ ബലിയർപ്പണം പതിവില്ലെങ്കിലും സിനഗോഗുശുശ്രൂഷയുടെ അനുകരണമായി അന്നുള്ളവർ വചനത്തിന്റെശുശ്രൂഷ നടത്തി. ആ ശുശ്രൂഷയിൽ മെത്രാനോ അദ്ദേഹത്താൽ നിയുക്തനായ വ്യക്തിയോ സുവിശേഷപ്രഘോഷണം നടത്തും. ക്രൈസ്തവമതത്തിന്റെ അടിസ്ഥാനതത്വങ്ങളുടെ വിശദീകരണമായിരുന്നു സാധാരണമായി ഈ പ്രബോധനങ്ങൾ.

മൂന്നാം നൂററാണ്ടിലാണു "ക്യാററക്കമനെററ്" (Catechumenate) എന്നൊരു പുതിയ ഏർപ്പാടുണ്ടായതു്. ജ്ഞാനസ്നാനാർത്ഥികളെയൊക്കെ ഒന്നിച്ചുകൂട്ടി അവരെ പഠിപ്പിച്ചു ജ്ഞാനസ്നാനത്തിനൊരുക്കുകയായിരുന്നീ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അപ്പം മുറിക്കൽ ശുശ്രൂഷയ്ക്കുമുമ്പും പിമ്പും അവൎക്കായി മതബോധനചർച്ചകൾ സംഘടിപ്പിക്കപ്പെട്ടു. എങ്കിലും, അപ്പംമുറിക്കൽശുശ്രൂഷയുടെ ആദ്യഭാഗത്തുതന്നെയാണു തങ്ങൾ ശ്രവിച്ച കാര്യങ്ങളവർ അടുത്തറിഞ്ഞിരുന്നതു്. വി. ഹിപ്പോളിററസ് ഇതെപ്പററി വ്യക്തമായ ചിത്രീകരണങ്ങൾ നല്കുന്നുണ്ടു്.[1] മൂന്നുവർഷത്തോളം "ക്യാററക്കമനെററി"ൽ ശിക്ഷണം സ്വീകരിച്ചവരെയാണു ജ്ഞാനസ്നാനത്തിനായി തിരഞ്ഞെടുക്കുക. അതിനിടയിൽ വിശ്വാസസംബന്ധമായ എല്ലാക്കാര്യങ്ങളിലും അവർക്കവശ്യം ശിക്ഷണം ലഭിച്ചിരിക്കും. വിവിധവിഷയങ്ങളോരോ

---

1 Hyppolitus, Apostolic Tradition.

ന്നായെടുത്തു ശിക്ഷണം നല്കുകയായിരുന്നു പതിവു്. സൗകര്യത്തിനുവേണ്ടി കൊച്ചുകൊച്ചു വാക്യങ്ങളിൽ വിശ്വാസത്തിന്റെ മൂലപാഠങ്ങൾ ഹൃദിസ്ഥമാക്കാനനുള്ളവർ പ്രത്യേകം ശ്രദ്ധവെച്ചു. അവിടെയാണു വിശ്വാസപ്രമാണ(Creed)ത്തിന്റെ തുടക്കംതന്നെ.

ആറാംനൂററാണ്ടുവരെ വളരെ മെച്ചമായി നടന്നു 'ക്യാററക്കമനെററി'ന്റെ പ്രവർത്തനം. ആറാംനൂററാണ്ടായപ്പോഴേക്കും ജ്ഞാനസ്നാനാർത്ഥികൾ ഗോത്രംഗോത്രമായോടിക്കൂടി. അവർക്കത്യാവശ്യംവേണ്ട കാര്യങ്ങൾ ഒന്നു രണ്ടാഴ്ചകൊണ്ടു പറഞ്ഞു കൊടുത്തിട്ടു ജ്ഞാനസ്നാനം കൊടുക്കലായി പിന്നത്തെ പതിവു്. അതുമല്ല, മുതിർന്നവർക്കേ ആദ്യം ജ്ഞാനസ്നാനം കൊടുത്തിരുന്നുള്ളു. പൈതങ്ങൾക്കു ജ്ഞാനസ്നാനം നല്കുന്ന പതിവു് പിന്നീടാണുണ്ടായതു്. അപ്പോൾ ജ്ഞാനസ്നാനത്തിനുമുമ്പുണ്ടായിരുന്ന മതശിക്ഷണം ജ്ഞാനസ്നാനശേഷമായി. ഇതോടെ 'ക്യാററക്കമനെററു്''തിരോഭവിച്ചു.

മധ്യശതകങ്ങളിലേക്കു വന്നപ്പോഴേക്കും മതബോധനത്തിന്റെ കാര്യത്തിൽ വ്യതിയാനങ്ങൾ വന്നു. സ്കൂളുകൾ രൂപംകൊണ്ടതോടെ മതബോധനത്തിലുമുണ്ടായി മാററം. എങ്കിലും ശ്രോതാക്കളെക്കൊണ്ടു മതതത്വസംഗ്രഹങ്ങൾ ഉരുവിടിയിച്ചു പഠിപ്പിക്കാനാണന്നുള്ളവർ മനസ്സിരുത്തിയതു്. ലൂതറാണു ചോദ്യോത്തരരൂപത്തിലുള്ളൊരു മതബോധനത്തിനു രൂപം കൊടുത്തതു്. ലൂതറിനെ തിരിച്ചടിക്കാനുള്ള ശ്രമത്തിൽ ട്രെൻറു കൗൺസിലും ഈ ചോദ്യോത്തരരൂപംതന്നെ സ്വീകരിച്ചു. പിന്നെയിക്കാര്യത്തിലൊരുണർവുണ്ടാവാൻ പത്തൊമ്പതാംനൂററാണ്ടിന്റെ അവസാനംവരെ കാത്തിരിക്കേണ്ടിവന്നു.

പോരായ്മകൾ പലതുണ്ടായിരുന്നു കഴിഞ്ഞ കാലങ്ങളിലേ മതബോധനത്തിനു്. രീതിയിലും ഉള്ളടക്കത്തിലും വ്യക്തമായിത്തെളിയുന്നുണ്ടാപോരായ്മകൾ. ചോദ്യോത്ത

രൂപത്തിലുള്ള അത്തരം പ്രബോധനരീതി നിഷ്ഫലമായിരുന്നു. വിട്ടുവിട്ടുള്ള ചോദ്യോത്തരങ്ങൾ ക്രിസ്തീയസന്ദേശത്തിന്റെ ഐക്യത്തിനുതന്നെ ഉലച്ചിലേല്പിച്ചു. പരസ്പരബന്ധമില്ലാത്ത ആശയങ്ങളായി ക്രിസ്തീയ തത്വങ്ങളെ മനുഷ്യർ വീക്ഷിക്കാൻ തുടങ്ങി. അതുമല്ല, ഓർമ്മശക്തിക്കായിരുന്നു അത്തരമൊരു പഠനത്തിൽ പ്രാധാന്യം. ജീവിതത്തിലാതത്വങ്ങൾക്കെന്തു സ്ഥാനം കൊടുക്കണമെന്നു മനസ്സിലാക്കാൻ ശ്രോതാക്കൾക്കു പററാതെപോയി. പോരാ, രക്ഷയുടെ സുവിശേഷത്തിന്റെ പ്രഘോഷണമെന്നതിനെക്കാൾ, അദ്ധ്യാപകനും അദ്ധ്യേതാക്കൾക്കും ഒരുപോലെ പ്രയാസകരമായൊരു ഭാരമായി തീരുകയാണു മതബോധനം. അതുകൊണ്ടുതന്നെ രീതിയിലും ഉള്ളടക്കത്തിലും കാര്യമായ വ്യതിയാനം വരുത്തി മതബോധത്തെയൊന്നു നവീകരിച്ചെടുക്കണമെന്നു മുറവിളിയുണ്ടായി ഈ നൂററാണ്ടിന്റെ തുടക്കത്തിൽ. പ്രബോധനരീതിയിലായിരുന്നു ആദ്യമൊക്കെ ശ്രദ്ധ പതിഞ്ഞതു്. പിന്നെയാണു് ഉള്ളടക്കത്തിന്റെ പോരായ്മ അടുത്തനുഭവപ്പെടാൻ തുടങ്ങിയതു്. ഈ രണ്ടിനത്തിലും പുരോഗതി നേടിക്കൊണ്ടിരിക്കയാണു് ആധുനിക മതബോധന പ്രസ്ഥാനം.

## മതബോധനത്തിന്റെ ലക്ഷ്യം

"സഭയുടെ തത്വങ്ങൾ പഠിപ്പിക്കുക എന്നതിലേറെ ചെയ്യുന്നുണ്ടു് മതബോധനം; മനുഷ്യരെ അതു ക്രിസ്തുവിനായി നേടുന്നു. ഒപ്പം അവിടുത്തോടവരെ കൂട്ടിയിണക്കുകയും" എയ്ക്സ്റ്ററ് സമ്മേളനത്തിൽ പൊങ്ങിക്കേട്ടൊരു തത്വമാണിതു്. ഈ തത്വം തികച്ചും ശരിയാണുതാനും. കാരണം, മതമെന്നതു കാണാപ്പാഠം പഠിക്കേണ്ട ഒരു തത്വസംഹിതയല്ല, പകരം ഒരു ജീവിതമാർഗ്ഗമാണു്. രക്ഷയിലേക്കുള്ള ദൈവ

ത്തിൻെറ ക്ഷണം മനുഷ്യനെ മുഴുവനും ലക്ഷ്യമാക്കുന്നുണ്ടു്. ശരീരവും സ്വാതന്ത്ര്യവും അവബോധവുമൊക്കെയുള്ള മനുഷ്യനെത്തന്നെ. അല്ലാതെ, മനുഷ്യമനസ്സിനെമാത്രമല്ല. ജീവിതത്തിൻെറ വഴികാട്ടിയാവണം മതബോധനം. ക്രിസ്തുവിലൂടെ ഓരോരുത്തരേയും ദൈവത്തിൻെറ മക്കളാക്കുകയാണ തിൻെറ ഉന്നം. വിശ്വസ്തവും തീക്ഷ്ണവുമായ ക്രിസ്തീയജീവിതത്തിന്നാണതു് ആഹ്വാനം ചെയ്യുക. ക്രിസ്തുവിലൂടെ തൻെറ ദൈവികജീവനിൽ പങ്കുപററുന്നതിനുള്ള ദൈവത്തിൻെറ ക്ഷണം വിദ്യാർത്ഥികൾക്കു കൂടുതൽ കൂടുതൽ വ്യക്തമാക്കിക്കൊടുക്കണം മതാധ്യാപകൻ. സകലജാതികൾക്കും തൻെറ രക്ഷയുടെ സന്ദേശം എത്തിക്കുന്നതിനുള്ള ക്രിസ്തുവിൻെറ ആഹ്വാനത്തിൻെറ പൂർത്തീകരണമാണു മതബോധനം. മനുഷ്യരൊക്കെ ദൈവപുത്രൻെറ അറിവിലും വിശ്വാസത്തിലും പങ്കുപററുന്നതുവരെ, ക്രിസ്തുവിൽ പക്വത വന്ന മനുഷ്യരായവർ മാറുന്നതുവരെ അവരുടെയിടയിൽ ക്രിസ്തുവിൻെറ ജീവിക്കുന്ന സാക്ഷ്യമായി വർത്തിക്കേണ്ടവരാണു മതപ്രബോധകർ. "മിശിഹാ നിങ്ങളിൽ ഉരുവാകുവോളം എൻെറ മക്കളേ, ഞാൻ നിങ്ങളെപ്രതി ആകുലനായിരിക്കും'' (ഗാല 4, 19) എന്നു പറഞ്ഞ പൗലോസുതന്നെയാണിക്കാര്യത്തിലവർക്കു മാതൃക.

## മതബോധനത്തിൻെറ ഉള്ളടക്കം

വ്യക്തമായ രണ്ടു കാര്യങ്ങളുൾക്കൊള്ളുന്നുണ്ടു് മതബോധനം: ക്രിസ്തുവഴി ദൈവം നല്കിയ ക്ഷണം; ആ ക്ഷണത്തിനു മനുഷ്യഹൃദയങ്ങളിൽ നിന്നു ലഭിക്കുന്ന മറുപടി. അതേ, മതബോധനം പ്രബോധനവും പ്രത്യുത്തരവുമുൾക്കൊള്ളുന്നുണ്ടു്. പ്രബോധനഭാഗത്തുതന്നെ വിശദമാക്കേണ്ട നാലുകാര്യങ്ങളുണ്ടു്.

.1) മതബോധനം ദൈവത്തിന്റെ നമ്മോടുള്ള സ്നേഹത്തേയും ദൈവരാജ്യത്തിന്റെ സദ്വാർത്തയേയും ഉദ്ഘോഷിക്കുന്നു.

2) മതബോധനം ക്രിസ്തുകേന്ദ്രീകൃതമാണു്. ദൈവികപദ്ധതിയുടെ പരിപൂർത്തി ക്രിസ്തുവിലും ക്രിസ്തുവഴിയും നടക്കുന്നു എന്നു തെളിയിക്കണം.

3) സഭയിലൂടെ ക്രിസ്തു ഇന്നും ജീവിക്കുന്നു.

4) ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രം ദൈവാരാധനയാണെന്നു മതബോധനം വ്യക്തമാക്കണം.

പ്രത്യുത്തരത്തിന്റെ ഭാഗത്തുമുണ്ടു വ്യക്തമാക്കേണ്ട കാര്യങ്ങൾ.

1) ദൈവികക്ഷണത്തിനു് ആന്തരികമായൊരു പരിവർത്തനത്തിലൂടെ—വിശ്വാസജീവിതത്തിലൂടേയും പ്രമാണപാലനത്തിലൂടേയും—മറുപടി നല്കാൻ മതബോധനം മനുഷ്യനവസരം നല്കണം.

2) ഈ ലോകത്തിൽ തനിക്കുള്ള സ്ഥാനമെന്തെന്നും ലോകത്തിന്റെ നിലവാരമുയർത്താൻ തനിക്കെന്തു ചെയ്യാൻ കഴിയുമെന്നും മതബോധനം മനുഷ്യനു വ്യക്തമാക്കിക്കൊടുക്കണം.

3) തന്റെ വിശ്വാസത്തിൽ മററുള്ളവരെ പങ്കു ചേർക്കാൻ ഓരോ ക്രിസ്ത്യാനിക്കുമതു പ്രേരണ നല്കണം.

കാർഡിനൽ ഗ്രേഷ്യസിന്റെ വാക്കുകളുദ്ധരിക്കട്ടെ: "വിവേചിച്ചിരുത്താവുന്ന കേന്ദ്രബിന്ദുവുള്ളൊരു സജീവപ്രസ്ഥാനമാണു നമ്മുടെ മതം. ആ കേന്ദ്രബിന്ദുവിനെവേണം ശക്തിയുക്തം നാമുദ്ഘോഷിക്കുക. ക്രിസ്തുവിന്റെ സന്ദേശമാണീ കേന്ദ്രബിന്ദു—"യുഗങ്ങൾക്കും തലമുറകൾക്കും മുമ്പു മറയ്ക്കപ്പെട്ടിരുന്നതും ഇപ്പോൾ തന്റെ വിശുദ്ധർക്കു വെളിപ്പെട്ടുത്തിയതുമായ ആ രഹസ്യം. പിതാവിങ്കലേക്കുള്ള നമ്മു

ടെ തിരിച്ചുചെല്ലൽ ക്രിസ്തുവിലൂടെയാണ്; പരിശുദ്ധാത്മാവിൻെറ പ്രവർത്തനം പ്രചോദനവും. ഈ മാനദണ്ഡവും ഉൾക്കാഴ്ചയും വച്ചുകൊണ്ടുവേണം നമ്മുടെ മതത്തിലേ മററെല്ലാ സത്യങ്ങളും വിശദീകരിക്കുക. സുവിശേഷം—ക്രിസ്തു നമ്മോടൊത്തുണ്ടെന്ന സദ്വാർത്ത—അതാണു നമുക്കു പഠിപ്പിക്കാനുള്ളത്". [1]

ദൈവസ്നേഹത്തിൻെറ വെളിപാടാണു ക്രിസ്തുമതം. ക്രിസ്തുവാണു ദൈവത്തിൻെറ ഏററവും വലിയ വെളിപാടും ദാനവും. രക്ഷാകരചരിത്രംതന്നെ ഇസ്രായേലിലൂടെ ക്രിസ്തുവിങ്കലേക്കാണെത്തിയെത്തി നില്ക്കുക.

ക്രിസ്തുതന്നെയാണു നമുക്കു പ്രസംഗിക്കാനുള്ള സുവിശേഷം. "ഞാനാകുന്നു വഴിയും സത്യവും ജീവനും. എന്നിലൂടെയല്ലാതെ ആരും പിതാവിലേക്കെത്തുന്നില്ല" (യോഹ. 14, 6). പിതാവിനെ പ്രാപിക്കുകയാണു ക്രിസ്തീയ ജീവിതത്തിൻെറ ലക്ഷ്യം. ക്രിസ്തുവിലൂടെയാണു പിതാവിനെ പ്രാപിക്കുക എന്നുമാത്രം. "പിതാവും അവൻെറ രാജ്യവും"—ഇതായിരുന്നു ക്രിസ്തുവിൻെറ ദൗത്യത്തിലേ സൂത്രവാക്യം. അതിനെ ചുററിപ്പററിയാണവിടുത്തെ പ്രബോധനത്തിൻെറ മുഴുവൻ നീക്കം.

"ഈശോ പട്ടണങ്ങളിലും ഗ്രാമങ്ങളിലുമെല്ലാം ചുററിസ്സഞ്ചരിച്ച് അവരുടെ സംഘങ്ങളിൽ പഠിപ്പിക്കുകയും രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും സകല രോഗങ്ങളും സകല വ്യാധികളും സുഖപ്പെടുത്തുകയും ചെയ്തിരുന്നു" (മത്താ. 9, 35).

കല്യാണവിരുന്നിൻെറ ഉപമയിൽ പിതാവിൻേറയും

---

(1) Quoted in Teaching All Nations, J. Hofinger, S. J., Herder & Herder, New York, 1961.

ദൈവരാജ്യത്തിന്റേയും മിഴിവുററ ചിത്രങ്ങൾ വരച്ചു കാട്ടുന്നുണ്ട്. ദൈവത്തിന്റെ വലിയ ദാനമായ ക്രിസ്തുവിലൂടെ മനുഷ്യവംശത്തെ ഒന്നിപ്പിക്കാനവിടുന്നാഗ്രഹിക്കുന്നു.

"തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു്, ലോകത്തിനുവേണ്ടി തന്റെസുതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അതിമാത്രം സ്നേഹിച്ചു" (യോഹ. 3, 16). ദൈവവചനം മനുഷ്യനായതോടെ, പിതാവിന്റെ മടിയിലായിരിക്കുമ്പോൾ അറിഞ്ഞവയൊക്കെ അവിടുന്നു നമ്മെ അറിയിച്ചു. ക്രിസ്തുവിലൂടെ ദൈവം മനുഷ്യനോടൊന്നുചേർന്നു; അവിടുത്തെ തിരുസുതൻതന്നെ വളരെ സഹോദരന്മാരിൽ കടിഞ്ഞൂലാവുകയുംചെയ്തു (റോമ. 8, 29).

അവൻ ദൈവത്തിന്റെ സാദൃശ്യത്തിലായിരിക്കെ, ദൈവത്തോടു തുല്യനാണെന്നതു ഗണിക്കാതെ, തന്നെത്തന്നെ വെറുമയാക്കി ദാസന്റെ സാദൃശ്യം എടുക്കുകയും മനുഷ്യരുടെരൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെടുകയും തന്നെത്തന്നെ കുരിശുമരണത്തോളം താഴ്ത്തി അനുസരണമുള്ളവനാവുകയുംചെയ്തു. പിതാവിനോടുള്ള അനുസരണത്തിൽ നമ്മുടെ മൂത്തസഹോദരനായ ക്രിസ്തു, ജീവിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടു മനുഷ്യന്റെ ജീവിതത്തെ ദൈവത്തിനു പ്രീതികരവും മരണത്തെ മഹത്വത്തിന്റെ തുടക്കവുമാക്കി. മറിച്ചുപറഞ്ഞാൽ, ക്രിസ്തുവിന്റെ മരണവും ഉത്ഥാനവുംവഴി ദൈവം നമ്മെ രക്ഷിച്ചു. അതുവഴി അവനോടൊത്തു പാപത്തിനു മരിച്ചിരിക്കുന്നവരെല്ലാം അവന്റെ ഉത്ഥാനത്തിലും ഒന്നുചേരുന്നു.

ക്രിസ്തുവിൽ ദൈവം നമ്മെ മക്കളാക്കി, തന്റെ അരൂപിയെ നമ്മിലേക്കു് അയയ്ക്കുകയുംചെയ്തു. അതുവഴി അവിടുത്തെ പിതാവെന്നു വിളിക്കാൻ നമുക്കവകാശവും ലഭിച്ചു

(ഗാല. 4, 6). "മക്കളെങ്കിലോ നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളുമാകുന്നു" (റോമ. 8, 17). വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിൽ നമ്മുടെ അവകാശത്തിന്റെ അച്ചാരം അടങ്ങിയിട്ടുണ്ട്; ഇന്നത്തെ നമ്മുടെ സഹനങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്ന സൗഭാഗ്യത്തോടു തുലനം ചെയ്യുമ്പോൾ ഒന്നുമല്ലെന്ന യാഥാർത്ഥ്യവും. കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെ കത്തോലിക്കർ ആർത്തിയോടെ പാർത്തിരിക്കുന്നു; കാരണം, അന്നാണു ദൈവം എല്ലാററിലും എല്ലാമാവുക, ദൈവം നമ്മുടെ ദൈവവും നാം അവിടുത്തെ ജനവുമായി മാറുക. ഇത്രയുമാകുമ്പോഴേക്കും ഉള്ളടക്കത്തിന്റെ കാതലെല്ലാമായി.

മുകളിൽപ്പറഞ്ഞ ആശയങ്ങളെല്ലാം ബൈബിളിന്റെ ചുവടുപിടിച്ചുകൊണ്ട് ഫാദർ ഹോഫിങ്കർ ഇങ്ങനെ സംഗ്രഹിക്കുന്നു:[1]

| | |
|---|---|
| സ്വർഗ്ഗസ്ഥനായ പിതാവു തന്റെ അതിരററസ്നേഹംനിമിത്തം, തന്റെ കൃപാവരസമ്പത്തിൽ പങ്കുകാരായിക്കൊണ്ട്, | എഫേ. 2, 7. |
| നിത്യമായ ജീവിതത്തിലും ആനന്ദത്തിലും തന്നോടൈക്യപ്പെടുവാൻ | യോ. 17, 21. |
| നമ്മെ വിളിച്ചിരിക്കുന്നു. | 1 പത്രോ. 5,20. |
| അവിടുന്ന് ഇസ്രേല്യരുമായിച്ചെയ്ത ഉടമ്പടിയുടെ പൂർത്തീകരണത്തിനായിട്ടയച്ച | ലൂക്കാ. 22,20. |
| സ്വപുത്രനായ ക്രിസ്തുവിന്റെ ആത്മ | |

1 Taken from Fr. Hofinger's A.B.C's of Modern Catechetics, p. 17, 18.

ബലിയിലൂടെ 1 പത്രോ. 5, 10.

നമ്മൾ പാപത്തിൽനിന്നു മോചിതരായി. 1 യോ. 4, 10.

നമ്മൾ അവിടുത്തോടു സദൃശരാകണമെന്ന് അവിടുന്നഭിലഷിക്കുന്നു. റോമ. 8, 29.

ജ്ഞാനസ്നാനത്താൽ ക്രിസ്തുവിന്റെ മരണത്തിൽ പങ്കു പററിക്കൊണ്ടു് റോമ. 6, 3.

പാപത്തിനു നാം മൃതരായിത്തീരുന്നു. റോമ. 6, 11.

അങ്ങനെ, അവിടുത്തെ മരണത്തിന്റെ സാദൃശ്യത്തിൽ അവിടുത്തോടു യോജിച്ചുപോയിരിക്കുന്ന നാം, അവിടുത്തെ പുനരുത്ഥാനത്തിലും സദൃശരായി അവിടുത്തോടു യോജിക്കണം. റോമ. 6, 5.

ഇപ്രകാരം ജലത്താലും പരിശുദ്ധാത്മാവിനാലും പുനർജന്മം പ്രാപിച്ച നാം യോ. 3, 5. 7.

ഏകശരീരമാകുമാറു് ഒരേ ആത്മാവിലേക്കു സ്നാനം ചെയ്യപ്പെട്ടിരിക്കുന്നു. 1 കൊ. 12, 1

ദൈവികജീവിതത്തിലേ ഭാഗഭാഗിത്വം വഴി 2 പത്രോ. 1, 4.

ദൈവത്തിന്റെ മക്കളും 1 യോ. 3, 1.

ക്രിസ്തുവിൽ പുതിയ സൃഷ്ടികളുമായിരിക്കുന്നു. 2 കൊ. 5, 17.

ദൈവത്തിന്റെ മക്കളായതിനാൽ സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്കയച്ചു. ഗാലാ. 4, 6.

അതിനാൽ എഴുത്തിന്റെ പഴക്കത്തിനനുസരിച്ചല്ല, പുതിയ ചൈതന്യമനുസരിച്ചു നാമിനി ശുശ്രൂഷചെയ്യണം. റോമ. 7, 6.

ക്രിസ്തുവിലൂടെ സ്വർഗ്ഗീയപിതാവിനു നിരന്തരമായ സ്തുതി അർപ്പിക്കുകയുംവേണം. ഹെബ്രാ. 13, 15.

ഇപ്രകാരം, ദൈവത്തിൻെറ ആലയങ്ങളും, 1 കൊ. 6, 19.

ക്രിസ്തുവിൻെറ യഥാത്ഥശരീരവും അവിടുത്തെ പൂൎണ്ണതയും, എഫേ. 1, 23.

അവിടുത്തെ തിരുശരീരരക്തങ്ങളിൽ ഭാഗഭാക്കുകളും യോഹ. 6, 56....

അവയാൽ പരിപോഷിപ്പിയ്ക്കപ്പെട്ടവരുമായി നമ്മരം നവമായൊരു ജീവിതം കഴിയ്ക്കണം. റോമ. 6, 4.

തിരുസഭയെ ഭരിക്കുന്നവർക്കു വിധേയരായിക്കൊണ്ടു ഹെ. 13, 17. നട. 20, 28.

നമ്മുടെ പ്രഥമസഹോദരനായ ക്രിസ്തുവിനെ നാം അനുഗമിയ്ക്കണം. മത്താ. 16,24. റോമ. 8, 29.

അങ്ങിലാണു നാം വിശുദ്ധീകരിയ്ക്കപ്പെടുകയും വിളിയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നതു്. 1 കൊറി. 1, 2.

തന്മൂലം, സ്നേഹത്തിൻെറ പ്രകാശനമായ റോമ. 1, 17.

വിശ്വാസത്താൽ ജീവിച്ചുകൊണ്ടും ഗാലാ. 5, 6.

നന്മപ്രവൃത്തികളിൽ തീക്ഷ്ണത പ്രദർശിപ്പിച്ചുകൊണ്ടും തീത്തുസ്. 3, 8.

"മരണത്തെ വിജയം ഗ്രസിയ്ക്കുന്ന" സമയമാഗതമാകുമ്പോരം, 1 കൊ. 15, 54.

ദൈവരാജ്യവും ദൈവികമഹത്വവും നേടിക്കൊണ്ടു് 1 തെസ്സ. 2, 12.

നമുക്കു ദൈവത്തിൻെറ അവകാശികളും ക്രിസ്തുവിൻെറ കൂട്ടവകാശികളുമാകാം. റോമ. 8, 17.

ക്രിസ്തീയവെളിപാടിന്റെ പ്രകൃതംതന്നെ നമ്മോടാവശ്യപ്പെടുന്നു ദൈവസ്നേഹത്തിലേക്കുള്ള ക്ഷണമായി നമ്മുടെ മൌതൃത്തെ ആവിഷ്കരിക്കാൻ. രണ്ടുവശങ്ങളുണ്ടു നമ്മുടെ വിശ്വാസത്തിനു്. ദൈവവും ക്രിസ്തുവും. രക്ഷാകരപദ്ധതിയുടെ കത്താവു ദൈവമാണു്. അവിടുന്നു പ്രപഞ്ചത്തിന്റെ ക്രമമാവിഷ്കരിച്ചു, ക്രിസ്തുവിലതിനു പരിപൂത്തിയും നല്കി. പരിശുദ്ധാത്മപിയുടെ പ്രവർത്തനത്തിൻ കീഴിൽ ആ പദ്ധതി തുടരണമെന്നവിടുന്നാഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ ദൈവകേന്ദ്രീകൃതമാണു രക്ഷണീയകൃത്യം. ഒപ്പം, ക്രിസ്തുകേന്ദ്രീകൃതവും. കാരണം, ആദിയിലേതന്നെ രക്ഷണീയ ചരിത്രത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവാണു്. ദൈവം മനുഷ്യരോടു സംസാരിച്ചതു്, ഈ രക്ഷാകരപദ്ധതി കൂടുതൽ നമുക്കു മനസ്സിലാക്കിത്തരാനാണു്. പക്ഷേ, നമ്മെസ്സംബന്ധിച്ചിടത്തോളം രക്ഷണീയകർമ്മത്തിന്റെ പരിപൂത്തി ക്രിസ്തുവിലുണ്ടു്. അതുകൊണ്ടാണു് വി. പൗലോസു പറഞ്ഞതു്, അവനെയാകുന്നു ഞങ്ങൾ പ്രസംഗിക്കുന്നതു് (കൊളോ. 1, 28) എന്നു്. ക്രിസ്തുവാണു ദൈവത്തോടു നമ്മെ കൂടുതൽ അടുപ്പിക്കുന്നതു്. നമ്മുടെ വിശ്വാസംമുഴുവൻ ദൈവത്തിങ്കലേക്കു ക്രിസ്തുവിലൂടെയുള്ള ക്ഷണമാണെന്നു സാരം.

ദൈവത്തെസ്സംബന്ധിക്കുന്ന മൂന്നുകാര്യങ്ങളാണു മതബോധനത്തിൽ പ്രധാനമായും വേണ്ടതു്. ദൈവത്തിന്റെ മഹത്വം, ദൈവത്തിന്റെ പ്രവത്തനം, ദൈവത്തിന്റെ അധികാരം. രക്ഷാകരചരിത്രത്തിന്റെ വെളിച്ചത്തിൽവേണം ഇവയവതരിപ്പിക്കുക. സ്നേഹത്തിലൂടെയാണു രക്ഷാകരപദ്ധതിയുടെമുഴുവൻ നീക്കമെന്ന കാര്യം ഒരിക്കലും വിസ്മരിച്ചുകൂടാ. സൃഷ്ടിയും മഹത്വീകരണവും വീഴ്ചയും രക്ഷകന്റെ വാഗ്ദാനവുമൊക്കെത്തന്നെ രക്ഷാകരചരിത്രത്തിലെ നാഴികക്കല്ലുകൾ. ക്രിസ്തുവിന്റെ വ്യക്തിത്വവും പ്രവത്തനങ്ങ

ളുമാണു പ്രധാനപ്രതിപാദ്യം. അവിടുന്നു സത്യമനുഷ്യനും സത്യദൈവവുമാണെന്നു പറഞ്ഞവസാനിപ്പിച്ചാൽപ്പോരാ. കുരിശുമരണത്തിലൂടേയും ഉത്ഥാനത്തിലൂടേയും എങ്ങനെ അവിടുന്നു മനുഷ്യരക്ഷ സാധിച്ചുവെന്നുകൂടി എടുത്തു കാട്ടേണ്ടതുണ്ട്. പുതിയ നിയമത്തിലെ പ്രസക്തഭാഗങ്ങളുദ്ധരിച്ചു ഇതു ചെയ്യാനൊക്കൂ.

ക്രിസ്തുവിന്റെ രക്ഷാകരവേല അവിടുത്തെ മരണത്തോടെയും ഉത്ഥാനത്തോടെയും അവസാനിച്ചില്ല. ഭൂമിയിൽ വീണ്ടെടുക്കപ്പെടാനായി മനുഷ്യരുള്ളിടത്തോളംകാലം അവിടുത്തെ രക്ഷാകരപ്രവൃത്തിയും തുടരേണ്ടതുണ്ട്. തന്റെ പ്രവർത്തനം ഈ ലോകത്തിൽ തുടരാനാണു കർത്താവു സഭ സ്ഥാപിച്ചതു്. ക്രിസ്തുവിന്റെ അതേപ്രവർത്തനങ്ങളാണു നൂററാണ്ടുകളായി സഭ തുടരുന്നതും. രക്ഷയിലേക്കു ക്രിസ്തുവഴി ദൈവം നല്കിയ ക്ഷണം സ്വീകരിച്ചവരുടെ സമൂഹമാണു സഭ. അതു ദൈവരാജ്യമാണ്; ദൈവത്തിന്റെ ഭവനവും ദൈവജനത്തിന്റെ സമൂഹവുമാണ്. അവിടുത്തെ മൗതികശരീരവും സ്വന്തം രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ട വധുവുമാണവൾ. രക്ഷയ്ക്കായുള്ള ദൈവത്തിന്റെ ക്ഷണം വ്യക്തിപരമെന്നതിനെക്കാൾ സമൂഹപരമാണു്. ലോകചരിത്രത്തോടു കെട്ടുപിണഞ്ഞുകിടക്കുകയാണതു്. ദൈവത്തിന്റെ ചരിത്രത്തിലെ രക്ഷാകരസാന്നിധ്യ (Salvific Presence)മാണു് ഒരു നിലക്കു സഭ. ദൈവസാന്നിധ്യത്തിന്റെ കൂദാശയാണു സഭയെന്നു ഹെൻറിലൂബാക്കു പറഞ്ഞതും ഈ അർത്ഥത്തിൽത്തന്നെ. ക്രിസ്തുവിനേയും ക്രിസ്തുവഴി ദൈവത്തേയും നാം അടുത്തനുഭവിക്കുകയാണു സഭയിൽ. ഓരോ കൂദാശയിലും ക്രിസ്തുവിനെത്തന്നെയാണു നാം കണ്ടുമുട്ടുന്നതു്.

വി. ലിഖിതംവഴി രക്ഷയുടെ സന്ദേശം ദൈവം നമുക്കു കൈമാറി. രക്ഷയുടെ ദൗത്യം നാം സ്വീകരിക്കുന്നതും നമ്മുടെ വിശ്വാസം മുദ്രവെയ്ക്കപ്പെടുന്നതും മാമോദീസാവഴിയാണു്.

ആ വഴിതന്നെ നാം ക്രിസ്തുവിൻെറ മരണത്തിലും ഉത്ഥാന ത്തിലും പങ്കുകാരാകുന്നു. അവിടുത്തെ ശരീരമായി, ഒരു പുതിയ ജനമായി മാറിക്കൊണ്ടു നാമൊരു പുതിയ ജീവിതത്തിലേയ്ക്കു പ്രവേശിക്കുന്നു. ജ്ഞാനസ്നാനത്തിൻെറ ഫലങ്ങൾ വ്യക്തമായി പ്രതിപാദിക്കാൻ പ്രത്യേകം മനസ്സുവെക്കണം.

ദിവ്യബലിയിൽ ക്രിസ്തു തൻെറതന്നെ ജീവനെ പിതാവിനു സമർപ്പിക്കുമ്പോൾ നാമും അവിടുത്തോടു ചേരുകയും ദിവ്യകാരുണ്യത്തിൽ അവിടുത്തെ മാംസരക്തങ്ങളെ നമ്മുടെ ഭക്ഷണവും പാനീയവുമായി സ്വീകരിക്കുകയുംചെയ്യുന്നു. ഒരേ അപ്പത്തിൽനിന്നു ഭക്ഷിച്ചുകൊണ്ടു നാം ഒരേ ശരീരമായി മാറുന്നു, ഒന്നിലേ പല അവയവങ്ങളായിട്ടുതന്നെ. ദിവ്യകാരുണ്യം ആത്മാവിൻെറ ദിവ്യവിരുന്നാണെന്നു ശ്രോതാവിനു ബോധ്യംവരണം. ആദ്യകുർബാനസ്വീകരണത്തിനുള്ള ഒരുക്കത്തിന്നിടയിലും വി. കർബാനയുടെ വിവിധ വശങ്ങളെപ്പററി സമഗ്രവും ലളിതവുമായ ജ്ഞാനമുണ്ടാവണം.

അനുതാപത്തിൻെറ കൂദാശവഴി ദൈവത്തിൻെറ അനന്തമായ കാരുണ്യത്തിൽ പങ്കു പററുകയാണു നാം. സ്ഥൈര്യലേപനത്തിൽ ക്രിസ്തുവിൻെറ മൗതികശരീരത്തിലേ സജീവപ്രവത്തനത്തിന്നായി ഓരോരുത്തനും ഒരുക്കപ്പെടുന്നു; ഒരു പുതിയ അപ്പസ്തോലനും പടയാളിയുമായി മാറുന്നു. അപ്പസ്തോലനെന്ന നിലയ്ക്കു് ദൈവരാജ്യത്തിൻെറ വിസ്തൃതിക്കായി പണിയെടുക്കാനുള്ള ദൗത്യമവനു ലഭിക്കുന്നു. പടയാളിയെന്ന നിലയ്ക്കു്, മനസ്സിലും ഹൃദയത്തിലും ഒരുക്കമുള്ളവനായി വത്തിച്ചുകൊണ്ടു ക്രിസ്തുവിനുവേണ്ടി പടപൊരുതുവാനും ക്രിസ്തുവിൻെറ ജീവിക്കുന്ന സാക്ഷ്യമായി വത്തിക്കാനും അവനു കഴിയണം.

തിരുപ്പട്ടത്തിൽ തൻെറ പൗരോഹിത്യാധികാരങ്ങൾ

വൈദികർക്ക ഏല്പിച്ചുകൊടുക്കുകയാണ ക്രിസ്തു. അവരിലൂടെ കൂദാശവഴി ക്രിസ്തു വർത്തിക്കുകയാണ്. മററല്ലാ കൂദാശകളും പൗരോഹിത്യത്തോട് അഭേദ്യമായി ബന്ധപ്പെട്ടു നില്ക്കുന്നു. ദൈവത്തിൻേറയും മനുഷ്യൻേറയും മുമ്പാകെയുള്ള മദ്ധ്യസ്ഥൻ എന്ന നിലയ്ക്ക ദൈവജനമെന്ന തറവാട്ടിലെ തലവനാണ വൈദികൻ.

പരിശുദ്ധമായ കുടുംബജീവിതത്തിനുള്ള തയ്യാറെടുപ്പാണ വിവാഹമെന്ന കൂദാശ. കുടുംബജീവിതത്തിലെ സ്നേഹത്തിൻേറയും വിശുദ്ധിയുടേയും ആവശ്യവും ഫലങ്ങളും ശ്രോതാക്കൾക്ക മനസ്സിലാക്കാനവസരമുണ്ടാക്കണം മതബോധനത്തിൽ. വിവാഹത്തിനൊരുങ്ങാനായി ഒരാൾക്ക കിട്ടുന്ന ഏററവും വലിയ അവസരവും മതബോധനക്ലാസ്സുകൾതന്നെ.

ദൈവവുമായുള്ള ഐക്യത്തിന തൊട്ടുമുമ്പുള്ള ഒരുക്കമാണ രോഗീലേപനത്തിൽ ലഭിക്കുക. അങ്ങനെ ദൈവത്തിൽനിന്നു നമുക്ക ലഭിക്കുന്ന ക്ഷണത്തിന്, വിശ്വാസവും കൂദാശകളുംവഴി "ആമേൻ" എന്നു പ്രത്യുത്തരിക്കാൻ നമുക്ക കഴിയുന്നു.

## ആരാധനക്രമവും ക്രൈസ്തവജീവിതവും

ആരാധനക്രമത്തിൻെറ അനുഷ്ഠാനത്തിലാണൊരുവിധത്തിൽപ്പറഞ്ഞാൽ സഭ സജീവമാവുക. നമ്മുടെ രക്ഷയുടെ സന്ദേശം ആവർത്തിക്കപ്പെടുകമാത്രമല്ലവിടെ. ദൈവജനം പിതാവായ ദൈവത്തിനു ക്രിസ്തുവഴി നടത്തുന്ന പരസ്യാരാധനയാണത്. ക്രിസ്തുവെന്ന വലിയ രഹസ്യത്തേയും പിതാവിൻെറ സ്നേഹത്തേയും ഏററവും സമ്യക്കായി നമുക്ക വിവരിച്ചുതരിക ആരാധനക്രമത്തിലാണ്. ആരാധനക്രമത്തിൽ മനുഷ്യൻെറ മനസ്സും ശരീരവും, ഇച്ഛയും വികാരങ്ങളും സജീവമായി പ്രവർത്തിക്കേണ്ടതുണ്ട്. ആരാധനക്രമംതന്നെ ഏററവും

മെച്ചപ്പെട്ടൊരു മതബോധനമാണെന്നു പറഞ്ഞാൽ അതിലൊരു പിശകുമില്ല. ക്രിസ്തീയജീവിതത്തിൻെറ മാത്രമല്ല, ക്രിസ്തീയമതബോധനത്തിൻേറയും ഉറവക്കണ്ണാണ് ആരാധനക്രമം. സജീവമായി ആരാധനക്രമത്തിൽ പങ്കെടുക്കാൻ പററണമെങ്കിൽ, ആരാധനക്രമത്തിൻെറ അന്തരാത്മാവിനെപ്പററിയും തങ്ങൾക്ക് അതിലുള്ള പങ്കിനെപ്പററിയും വിശ്വാസികൾക്കവബോധം ലഭിക്കണം. മതപഠനക്ലാസ്സുകളിൽ മനസ്സിലാക്കുന്ന വിശ്വാസസത്യങ്ങൾ ആരാധനക്രമത്തിൽ പ്രാവർത്തികമാക്കപ്പെടുന്നതായി അവർക്കനുഭവപ്പെടണം.

## ദൈവത്തിൻെറ ക്ഷണവും മനുഷ്യൻെറ പ്രത്യുത്തരവും

ക്രിസ്തുവഴി പിതാവായ ദൈവം തൻെറ സ്നേഹവും മഹത്വവുമെന്തെന്നു നമ്മെ അറിയിച്ചു. ആ സ്നേഹത്തിൽ പങ്കുചേരാനവിടുന്നു നമ്മെ ക്ഷണിക്കുകയും ചെയ്തു. സീനാമലയിൽ വച്ചു ദൈവം തൻെറ ജനമാകാൻ ഇസ്രായേലിനെ ക്ഷണിച്ചു. 'ഞങ്ങളെന്നും യഹോവായെ ശുശ്രൂഷിക്കും. അവിടുന്നു ഞങ്ങളുടെ ദൈവമായിരിക്കും' എന്നു പറഞ്ഞുകൊണ്ടു ഇസ്രായേൽ ദൈവത്തിനു മറുപടി നല്കി. അതോടെയാണുടമ്പടി ഉരുത്തിരിഞ്ഞതു്. കാൽവരിയിലും ക്രിസ്തുവഴി തന്നോടൊന്നുചേരാൻ ദൈവം നമ്മെ ക്ഷണിക്കുകയായിരുന്നു. അനുദിനജീവിതത്തിലൂടെവേണം ദൈവത്തിൻെറ ആ വലിയ ക്ഷണത്തിനു നാം പ്രത്യുത്തരം നല്കുക. വിശ്വാസമെന്നതു ഒററവാക്കിൽപ്പറഞ്ഞാൽ ഒരു ക്ഷണമാണ്, ക്രിസ്തുവിനെ സ്വീകരിക്കാൻ പിതാവു നല്കുന്ന ക്ഷണം. അവിടുത്തെ

മരണത്തേയും ഉത്ഥാനത്തേയും അനുദിന ജീവിതത്തിൻെറ വിവിധ തുറകളിൽ നാം അനുകരിക്കുമ്പോൾ മാത്രമേ ദൈവത്തിൻെറ ഭാഗത്തുനിന്നുണ്ടായ ക്ഷണത്തിനു പരിപൂർണ്ണമായും നാം പ്രത്യുത്തരം നല്കിയെന്നു പറയാനാവൂ. മൂന്നു കാര്യങ്ങളാണീ പ്രത്യുത്തരത്തിലടങ്ങിയിരിക്കുന്നതു്. സജീവവിശ്വാസമുള്ള ജീവിതം, ദൈവസ്നേഹത്തിലധിഷ്ഠിതമായജീവിതം, ക്രിസ്തുവിൻെറ സാക്ഷ്യമായ ജീവിതം. തീക്ഷ്ണതയുള്ള വിശ്വാസംവേണം ദൈവത്തിൻെറ ക്ഷണത്തിനു് ഉള്ളിൽത്തട്ടിയ മറുപടി കൊടുക്കുവാൻ. "നീതിമാൻ വിശ്വാസംകൊണ്ടു ജീവിക്കുന്നു" (റോമാ. 1, 17) എന്നു വി. പൗലോസു പറഞ്ഞതീയർത്ഥത്തിലാണു്. വിശ്വാസത്തിൻെറ കാര്യത്തിൽ പൗലോസുശ്ലീഹാ കാക്കശ്യം കാട്ടുന്നു. ക്രിസ്തീയജീവിതം നയിക്കണോ, അവശ്യംവേണം വിശ്വാസതീക്ഷ്ണത. നമ്മുടെ ഐശ്വര്യത്തേയും സന്തോഷത്തേയുംപോലെ കുരിശുകളേയും വിശ്വാസത്തിൻെറ വെളിച്ചത്തിൽ വീക്ഷിക്കാൻ കഴിയണം. നമ്മുടെ പ്രവത്തനങ്ങൾക്കൊക്കെ നിദാനം ദൈവത്തിലടിയുറച്ച വിശ്വാസമാവണമെന്നു സാരം. ദൈവം എന്തുമാത്രം നമ്മെ സ്നേഹിച്ചെന്നു നമുക്കു പറഞ്ഞുതരിക വിശ്വാസമാണു്. "ദൈവത്തിനു നമ്മിലുള്ള സ്നേഹം എന്തുമാത്രമെന്നു ഞങ്ങൾ അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു"(1 യോഹ. 4, 16).

ദൈവത്തിൻെറ സ്നേഹം നമ്മെ അവിടുത്തേ മക്കളാക്കുന്നു. ദൈവഹിതത്തോടുള്ള പരിപൂണ്ണവിധേയത്വംവഴിവേണം പിതാവിൻെറ വലിയ സ്നേഹത്തിനു നാം പ്രത്യുത്തരം നല്കുക. ക്രിസ്തു എങ്ങനെ പിതാവിൻെറ ഹിതമനുഷ്ഠിച്ചുവോ അതുപോലെ അനുദിനജീവിതത്തിലേ കടമകളോടു വിശ്വസ്തത കാട്ടാനും എല്ലാററിലും ദൈവഹിതം കാണാനും നമുക്കു കഴിയണം.

മനുഷ്യരോടു ദൈവത്തിനുള്ള സ്നേഹത്തിന്റെ പ്രത്യക്ഷ പ്രകടനമാണു ക്രിസ്തു. ക്രിസ്തുവിലൂടെയാണ് ആ സ്നേഹം അവിടുന്നു നമുക്കു കാട്ടിത്തന്നതു്. ആ സ്നേഹത്തിനു നാം പ്രതിസ്നേഹം കാട്ടേണ്ടതും ക്രിസ്തുവിലൂടെത്തന്നെ. ക്രിസ്തുവിന്റെ ജീവിതത്തിന്റെ വേറൊരു പകർപ്പായി നമ്മെത്തന്നെ മാററിക്കൊണ്ടുവേണം ഇതു സാധിക്കുക. ക്രിസ്തുവിന്റെ ജീവിതത്തോട് എന്തു മാത്രം നമ്മുടെ ജീവിതത്തിനടുപ്പമുണ്ടോ അതിന്റെ തോതനുസരിച്ചാണു നമ്മുടെ കത്തോലിക്കവിശ്വാസത്തിനുൾക്കട്ടിയുണ്ടാകുക. ക്രിസ്തുവിന്റെ പരസ്നേഹത്തിന്റെയും സേവനത്തിന്റേയും മാതൃക നമ്മിൽനിന്നുവേണം ഇന്നു മററുള്ളവരറിയുക. ക്രിസ്തുവിന്റെ ജീവിതത്തെത്തന്നെയാവണം അക്രൈസ്തവസഹോദരങ്ങൾ നമ്മിൽ കാണുക. ക്രിസ്തുവിന്റെ ആദർശങ്ങൾ നമ്മുടെ ജീവിതത്തിലും പകർത്തപ്പെടണം. വേറൊരു ക്രിസ്തുവായി ജീവിക്കാൻ നമുക്കു സാധിക്കണം.

രണ്ടുവിധത്തിലാണു നമ്മുടെ ഭാഗത്തുനിന്നുള്ള പ്രത്യുത്തരം സാധിക്കുക. പ്രാർത്ഥനയിലൂടെയും പ്രമാണാനുസരണത്തിലൂടെയും. പിതാവായ ദൈവത്തോടുള്ള സ്നേഹത്തിന്റെ പ്രതീകമാണു പ്രാർത്ഥന. ഒരു പിഞ്ചുകുഞ്ഞു പിതാവിന്റെ അടുക്കൽ തന്റെ ഹൃദയചെപ്പുകളൊക്കെ തുറന്നുവയ്ക്കുംപോലെയാണ് ഒരു യഥാർത്ഥക്രിസ്ത്യാനിയുടെ പ്രാർത്ഥന. ദൈവികക്ഷണത്തിനു ക്രിസ്തീയഹൃദയം നല്കുന്ന നിരന്തരമായ പ്രത്യുത്തരമാണതു്. ദൈവികസ്നേഹത്തെ ഏററുപറയുന്നതിനും സ്നേഹമുള്ള മക്കൾക്കടുത്തവിധം നമ്മുടെ ആവശ്യങ്ങളറിയിക്കുന്നതിനും പ്രാർത്ഥനവഴി സാധിക്കുന്നു. സത്യത്തിലും അരൂപിയിലും പിതാവിനെ ആരാധിക്കാനാളുണ്ടാവണം—അതാണാവശ്യം. "നിങ്ങൾ പുത്രസ്വീകാരത്തിന്റെ അരൂപി സ്വീകരിച്ചിരിക്കുന്നു. അതുവഴി (ദൈവത്തെ) "ആബാ, പി

താവേ," എന്നു വിളിച്ചു പ്രാൎത്ഥിക്കാൻ അർഹരമായിരിക്കുന്നു" (റോമാ. 8, 15). പ്രാൎത്ഥനയുടെ ആവശ്യവും പ്രകൃതവും മതബോധനത്തിൽ തറച്ചുപറയേണ്ട കാര്യങ്ങളാണു്. ആന്തരികവും ബാഹ്യവുമായ പ്രാർത്ഥനകൊണ്ടു മാത്രമായില്ല, അതിനൊത്ത ജീവിതംകൂടെയുണ്ടാവണം.

"കൎത്താവേ, കൎത്താവേ, എന്നു വിളിക്കുന്ന എവരുമല്ല പിതാവിൻെറ ഇഷ്ടം നിറവേററുന്നവർ മാത്രമാണു സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" എന്നു ക്രിസ്തുതന്നെ വ്യക്തമാക്കിയിട്ടുണ്ടു്. ദൈവസ്നേഹത്തിൻെറ പ്രതീകമാണു പ്രമാണാനുസരണം. ഒരേയൊരു പ്രമാണമാണു ക്രിസ്തുമതത്തിലുള്ളതു്—സ്നേഹത്തിൻെറ പ്രമാണം. ദൈവസ്നേഹവും പരസ്നേഹവും രണ്ടും രണ്ടല്ല ഒന്നിൻെറ രണ്ടുവശങ്ങൾ മാത്രമാണു്. ക്രിസ്ത്യാനിയെസ്സംബന്ധിച്ചിടത്തോളം സഹോദരനെ സ്നേഹിക്കുക എന്നുവച്ചാൽ ദൈവത്തെ സ്നേഹിക്കുക എന്നാണൎത്ഥം. ദൈവത്തിൻെറനേരേ നമുക്കുള്ള സ്നേഹനിർഭരമായ കടപ്പാടിനെയാണു ആദ്യത്തെ മൂന്നു പ്രമാണങ്ങൾ വ്യക്തമാക്കുക. ദൈവത്തിനു നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കണമെന്നു പഠിപ്പിക്കുന്നു ആദ്യത്തെ പ്രമാണം. അവിടുത്തോടുള്ള സ്നേഹത്തിൻെറ പ്രതീകമായി നമ്മുടെ ആത്മാവിനേയും ശരീരത്തേയും പൂൎണ്ണമായും സമർപ്പിക്കണമെന്നതു വ്യക്തമാക്കും. പിതാവായ ദൈവത്തോടു ബഹുമാനാദരവുകൾ കാട്ടാൻ അവിടുത്തേ മക്കളെന്ന നിലയ്ക്കു നമുക്കു കടമയുണ്ടെന്നത്രേ രണ്ടാംപ്രമാണം വ്യക്തമാക്കുക. ദൈവത്തെപ്പററിയുള്ള അറിവു പുത്രതുല്യമായ സ്നേഹം നമ്മിലുളവാക്കണം. അവിടുത്തെനേരെ ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കാൻ ആ സ്നേഹം നമ്മെ നിർബന്ധിക്കണം. ആന്തരികമായ ആ ബഹുമാനം ബാഹ്യമായി പ്രകടിപ്പിക്കണമെന്നതാണു മൂന്നാംപ്രമാണത്തിൻെറ സാരം. ആ നിലയ്ക്കു പ്രത്യക്ഷ

മായ ആരാധനയിലേക്കാണു ആദ്യത്തെ മൂന്നു പ്രമാണങ്ങളും കൈചൂണ്ടുക. ദൈവഹിതം നമ്മുടെ അനുദിനജീവിതത്തിലെ വിവിധകടമകളോടുള്ള വിശ്വസ്തതവഴി വ്യക്തമാക്കണമെന്നു മററു പ്രമാണങ്ങളാവശ്യപ്പെടുന്നു. ഒപ്പം ദൈവത്തെ നാം സ്നേഹിക്കുന്നു എന്നതു സഹോദരസ്നേഹത്തിലൂടെ തെളിയിക്കണമെന്നവ കാട്ടിത്തരുന്നു. കുടുംബജീവിതത്തിൽ ക്രിസ്തീയാദർശപിയുൾക്കൊള്ളിക്കുന്നതിനും സഹോദരൻെറ ജീവിതാവശ്യങ്ങളിലവനു സഹായമായി വത്തിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടവയിൽ (നാലും അഞ്ചും പ്രമാണങ്ങൾ); കൂട്ടത്തിൽ ദൈവത്തിൻെറ ആലയമായ നമ്മുടെ ശരീരത്തിൻെറ, ക്രിസ്തുവിൻെറ ശരീരവും രക്തവും അലിഞ്ഞുചേർന്നിരിക്കുന്ന നമ്മുടെ ശരീരത്തിൻെറ പരിശുദ്ധി സംരക്ഷിക്കണമെന്നും നിർദ്ദേശമുണ്ടു പ്രമാണങ്ങളിൽ (ആറും ഒമ്പതും). ക്രിസ്ത്യാനി ഈ ലോകത്തിൽ ജീവിക്കുന്നവനെന്ന നിലയ്ക്കു ഈലോകത്തിൻേറതായ ഭൗതികസമ്പത്തിൻെറ നേരെ അവനുണ്ടാകേണ്ട നിലപാടിനെയാണ് ഏഴും പത്തും പ്രമാണങ്ങൾ വ്യക്തമാക്കുക.

സഹോദരൻെറ സൽപ്പേരിനെ കളങ്കപ്പെടുത്തുന്നതു അപരാധമാണെന്ന് എട്ടാംപ്രമാണം നിർദ്ദേശിക്കുന്നു. ഈ പ്രമാണങ്ങളോടു നമുക്കുള്ള നിലപാടിലാണു മാററം വരേണ്ടത്. സ്വർഗ്ഗം ലഭിക്കാനവശ്യം അനുഷ്ഠിക്കണമെന്നു ശാഠ്യംപിടിച്ചുകൊണ്ടു ദൈവം കെണിച്ചുവച്ചിരിക്കുന്ന കൊലക്കുടുക്കുകളല്ല പ്രമാണങ്ങൾ. പകരം, പിതാവായ ദൈവത്തിൻെറനേരെ സ്നേഹമുള്ള മക്കളെന്ന നിലയ്ക്കു നാമനുഷ്ഠിക്കേണ്ട സ്നേഹത്തിൻെറ കടമകൾമാത്രം. ക്രിസ്തുവിനെ നാം സ്നേഹിക്കുന്നുണ്ടെങ്കിൽ അവശ്യം അവിടുത്തെ പ്രമാണങ്ങൾ നാം അനുസരിക്കണം. അവിടുത്തെയനുഗമിക്കുവാൻ നിത്യം പരിശ്രമിക്കയും വേണം. ആ സ്നേഹം കമ്മനിരതമായിബ്ഭവിക്കണം. ദൈവത്തിൻെറ മക്കളും ക്രിസ്തുവിൻെറ സഹോ

ദരങ്ങളുമായ നമ്മുടെ അയല്ക്കാരെ നാം സ്നേഹിക്കുന്നില്ലേ, എങ്കിൽ നിശ്ചയമായും ദൈവത്തേയും നാം സ്നേഹിക്കുന്നില്ല (1യോ. 3, 14). സ്നേഹത്തിൻെറ കല്പനയാണു കത്താവു നമുക്കു തന്നതു്. "നിങ്ങൾ എൻെറ ശിഷ്യരാണെന്നു ലോകം അറിയേണ്ടതിനു നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" എന്നാണവിടുന്നു കല്പിച്ചതു്. യഥാൎത്ഥമായ പരസ്നേഹം സഹോദരങ്ങളുടെ ആവശ്യങ്ങളിൽ അവക്കു സേവനമനുഷ്ഠിക്കാൻ നമ്മെ നിർബന്ധിക്കും. ഈ ലോകത്തെ സേവനത്തിലൂടെ ക്രിസ്തുവിനായി നേടുകയാണു ക്രിസ്ത്യാനിയുടെ ലക്ഷ്യം.

അങ്ങനെ അനുദിനജീവിതത്തിലേ കൊച്ചുകൊച്ചു കടമകൾ വിശ്വസ്തതയോടേ നിർവ്വഹിച്ചുകൊണ്ടു ജീവിതത്തിലൂടെ ദൈവത്തിൻെറ ക്ഷണത്തിനു പ്രത്യുത്തരം നല്കാനാണു നാം പരിശ്രമിക്കേണ്ടതു്. യഥാൎത്ഥമായ ക്രിസ്തീയജീവിതം ഇവിടെയാണു വാർന്നുവീഴുക. മതബോധനത്തിൻെറ ലക്ഷ്യം നേടുന്നതും ഇതിലൂടെത്തന്നെ.

## മതബോധനത്തിലേ നവീനത്വം

പഠനരീതിയിൽ ചില വ്യതിയാനങ്ങളുണ്ടാക്കാനായിരുന്നു ഈ നൂററാണ്ടിൻെറ തുടക്കത്തിലേയുള്ള പരിശ്രമം. ഒരുപക്ഷേ, വേണ്ടതിലേറെ ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞില്ലേ എന്നുകൂടി സംശയിക്കണം. ശുഷ്കമായ ചോദ്യോത്തരരീതി മതപഠനക്ലാസ്സുകളെയപ്പാടെ ശുഷ്കമാക്കുന്നെന്നു പരാതിപൊങ്ങി. ആധുനികമനശ്ശാസ്ത്രത്തിൻെറ വളർച്ചയിൽ വാൻവീണ പുതിയ സങ്കേതങ്ങൾക്കൊന്നും മതബോധനത്തിൽ സ്ഥാനംലഭിച്ചിരുന്നുമില്ല. പ്രായംനോക്കി വിദ്യാ

ത്ഥികളെ തരംതിരിച്ചിരുത്തി ശിക്ഷണം നല്കുക പതിവില്ലായിരുന്നു. ദൂരവ്യാപകമായിരുന്നു അതിൻെറ ഫലം. ശുഷ്കമായനുഭവപ്പെട്ടു മതബോധനക്ലാസ്സുകൾ. അതുമല്ല, വിദ്യാത്ഥികളതിൽനിന്നു ആവുന്നതും അകന്നുനില്ക്കുകയും ചെയ്തു. ശ്രവണദർശനോപാധികൾ (Audio Visual aids) ദൈവത്തിൻെറ സന്ദേശം കൈമാറുന്ന കാര്യത്തിലും അവശ്യം ഉപയോഗിക്കണമെന്നു വന്നു. ഇത്തരമൊരു പ്രബോധനരീതി ആധുനിക വിദ്യാഭ്യാസരീതിയുടെ മാത്രം പ്രത്യേകതയല്ലെന്നോക്കണം. ദൈവത്തിൻെറ പ്രബോധനത്തിലും ഇത്തരം രീതികളൊക്കെ നാം വ്യക്തമായിക്കാണും. വി. ലിഖിതത്തിൽ മുഴുവനും ചിത്രീകരണത്തിൻെറ ഊട്ടും പാവുമാണു ദൈവമുപയോഗിക്കുക. ബൈബിളെന്നതു ദൈവത്തിൻെറ ആഴമുള്ള സ്നേഹത്തിൻെറ കഥയാണ്. അതുകൊണ്ടുതന്നെ ചരിത്രപരവും വേദപുസ്തകപരവുമായ ഒരു സമീപനരീതിവേണം നമ്മുടെ മതപഠനക്ലാസ്സുകളിൽ. ഇവിടെയാണാദ്യത്തെ നവീകരണം തുടങ്ങുക. ഏതാണ്ടു ചില ഒററപ്പെട്ട ആശയങ്ങൾ ഉരുവിട്ടു പഠിക്കാനല്ല, മനസ്സിൻെറ അടിത്തട്ടിൽ ദൈവസ്നേഹത്തിൻെറ കഥ ആഴമായി പതിയാനാവണം വിദ്യാത്ഥിക്കവസരം ലഭിക്കുക. ഓർമ്മശക്തി ആവശ്യമാണ്, നല്ലതുമാണ്. പക്ഷേ, മതബോധനമപ്പടി അതിന്നടിമയായിക്കൂടാ. അടുത്തറിഞ്ഞ കാര്യങ്ങൾ ആവശ്യമെങ്കിൽ ഹൃദിസ്ഥമാക്കുന്നതു നല്ലതാണുതാനും. ബൈബിളിനോടടുക്കാനും അതിൻെറ സന്ദേശം മനസ്സിലാക്കാനും കുഞ്ഞുങ്ങൾക്കവസരമുണ്ടോ, അതുമതി.

## രീതി—ഉള്ളടക്കത്തിന്റെ ഉപകരണം

കാനൻ കാർട്ടർ പറഞ്ഞു: "ദൈവികവെളിപാട് ആദ്യം വാങ്മൂലവും പിന്നെ വി. ലിഖിതങ്ങൾ വഴിയും കൈമാറപ്പെട്ടതായി നാം കാണുന്നു. പഴയനിയമലിഖിതങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും, കഥാകഥന രൂപത്തിലാണു യഹോവാ വിഷയങ്ങളവതരിപ്പിക്കുക. തനിക്കായി ആ കഥ പറയാനും വ്യാഖ്യാനിക്കാനും അവിടുന്നു മാനുഷികലേഖകരെ ഉപയോഗിക്കുന്നു എന്നുമാത്രം. വേദപുസ്തകത്തിലാകമാനം കഥാകഥനത്തിന്റെ രീതിയാണ്, തന്റെ സത്യങ്ങൾ വെളിപ്പെടുത്താൻ ദൈവം കൈക്കൊണ്ടതു്. പ്രപഞ്ചോല്പത്തിയുടേയും മനുഷ്യാധഃപതനത്തിന്റേയും, പാപിയായ മനുഷ്യനെ ദൈവം ശിക്ഷിക്കുന്ന പ്രളയത്തിന്റേയും കഥ മാത്രമല്ല നാമവിടെ കാണുക. പകരം, ആദിമാതാപിതാക്കന്മാരുടേയും മോസസിന്റേയും കഥയുണ്ടവിടെ, മോസസിനും ദാവീദിനുമിടയ്ക്കുള്ള കാലത്തിന്റെ കഥയുമുണ്ട്. ജോബിന്റെ മിഴിവുററ ദൃശ്യരൂപവുമുണ്ട്.... കർത്താവിന്റെ ഉപമകളിലൊക്കെക്കാണും കഥാകഥനത്തിനു മുൻഗണന—അതിൽനിന്നൊക്കെ വ്യക്തമാണു നിയതരൂപ(formula)ങ്ങളുപയോഗിച്ചല്ലാ കർത്താവു പഠിപ്പിച്ചതു് എന്ന്."[1]

### ഉള്ളടക്കത്തിന്റെ വ്യാഖ്യാനം

പ്രബോധനരീതിയിലൂടെയാണു ദൈവത്തിന്റെ ദിവ്യ

---

1. Carter, The Modern Challenge to Religious Education p. 20-21, 23.

സന്ദേശം അതിന്റെ തനിനിറത്തിൽ നമുക്കു മനസ്സിലാവുക. ഒററപ്പെട്ട ഏതാനും ചില ആശയങ്ങളല്ല ദൈവം നമുക്കു വെളിപ്പെടുത്തിയതു്. പകരം തൊട്ടുരുമ്മിനില്ക്കുന്ന സംഭവങ്ങളിലൂടെയും അനുഭവിച്ചറിയാവുന്ന സാഹചര്യങ്ങളിലൂടേയുമാണു്. ഫാ. ഹോഫിങ്കറിന്റെ വാക്കുകൾ ശ്രദ്ധേയമാണു്. "വെളിപാടെന്നതു മതപരമായ ചില സത്യങ്ങളുടെ അനാവരണം മാത്രമല്ല, സ്നേഹത്തിന്റെ പാരമ്യത്തിൽ ദൈവം തന്റെ വ്യക്തിത്വത്തെത്തന്നെ അനാവരണംചെയ്യുന്നതാണതു്. അതുവഴി അവിടുന്നു വ്യക്തിപരമായി മനുഷ്യനോടൊന്നുചേരുന്നു."[1] മനുഷ്യാവതാരത്തിൽ അതാണു സംഭവിച്ചതു്. അദൃശ്യനായ ദൈവം അന്നു മനുഷ്യർക്കു ദൃശ്യനായി, മറഞ്ഞിരുന്ന ദൈവികസത്യങ്ങൾ ഗ്രാഹ്യങ്ങളായി.

പ്രബോധനരീതിയിലൂടെ ദൈവത്തിന്റെ സന്ദേശം വ്യാഖ്യാനിക്കപ്പെടുന്നു. ഇതു ശരിയെങ്കിൽ പ്രബോധനരീതിയുടെ കാര്യത്തിൽ ഏററവും മെച്ചപ്പെട്ട മാതൃക ക്രിസ്തുതന്നെയാണു്. "മനുഷ്യർക്കായി പിതാവു നല്കിയ ദിവ്യദൗത്യമാണവിടുന്നു പഠിപ്പിച്ചതു്. തികച്ചും മാനുഷികമായ വിധമാണവിടുന്നിതു സാധിച്ചതു്. മനുഷ്യന്റെ ഗ്രഹണശക്തിയുടെ നിയമങ്ങളെയൊക്കെ കണക്കിലെടുത്തുകൊണ്ടു്, അന്നത്തെ സാധാരണക്കാരന്റെ ഭാഷയിൽ, പലസ്തീനായിലെ മനുഷ്യർക്കും സാഹചര്യങ്ങൾക്കും ഒത്തിണങ്ങിയവിധം രാജവീഥിയുടേയും വയലിന്റേയും, ആട്ടിൻകൂട്ടത്തിന്റേയും മുത്തിന്റേയും, അത്തിമരത്തിന്റേയും കല്യാണവിരുന്നിന്റേയുമൊക്കെ ഉപമകളിലൂടെയാണവിടുന്നു സംസാരിച്ചതു്. അവയ്ക്കൊക്കെ അവിടുന്നു മതപരമായ നിറം നല്

---

1. J. Hofinger, Pastoral Catechetics. Herder and Herder, 1964. p. 13.

കി. അവയിലൂടെ വിശുദ്ധസത്യങ്ങൾ പഠിപ്പിക്കുകയും ചെയ്തു."[1]

വേദപുസ്തകത്തിലധിഷ്ഠിതമായ ചിത്രീകരണരൂപത്തിലുള്ള ഈ പ്രബോധനരീതി പുത്തനല്ലൊരുവിധവും. ഉപമകളിൽ കർത്താവുപയോഗിച്ചതു് ഇതേരീതിയാണു്. "അവർക്കു ഗ്രഹിക്കത്തക്കവിധത്തിൽ പലേ ഉപമകളിലായി അവിടുന്നവരോടു സംസാരിച്ചു" (മർക്കോ. 4, 33).

## രണ്ടു കാര്യങ്ങൾ

പ്രബോധനരീതിയിലവശ്യം മനസ്സിരുത്തേണ്ട രണ്ടു കാര്യങ്ങളുണ്ടു്. പ്രബോധനരീതിയില്ലേ, അതു പഠിപ്പിക്കുന്ന വിഷയത്തിനൊത്തതാവണം. കണക്കും ഭൂമിശാസ്ത്രവും പഠിപ്പിക്കുന്നതിൽനിന്നു വിഭിന്നമാണു വേദപഠനക്ലാസ്സിലെ പ്രബോധനരീതിയെന്നു സാരം. മതപഠനത്തിലെ പ്രത്യേകരീതി ദൈവവും ക്രിസ്തുവുമക്കാര്യത്തിൽ കൈക്കൊണ്ട അതേ രീതിതന്നെ. പഠിക്കുന്ന വിദ്യാർത്ഥികൾക്കനുരൂപമായിരിക്കണം പഠനരീതി. അവരുടെ പ്രായവ്യത്യാസവും കഴിവുമൊക്കെ കണക്കിലെടുക്കേണ്ടതുണ്ടിക്കാര്യത്തിൽ. ആദ്യകുർബാന സ്വീകരണത്തിന്നൊരുങ്ങുന്ന കുഞ്ഞിൻേറയും വിവാഹജീവിതത്തിന്നൊരുങ്ങുന്ന യുവാവിൻേറയും പഠനരീതിയിൽ അവശ്യം കാണണമൊരു വ്യതിയാനം. മതപരമായ അറിവല്ല, മതപരമായ ജീവിതമാണു മതബോധനത്തിൻേറ പരമമായ ലക്ഷ്യം.

## പഠനത്തിൻേറ മൂന്നു ഘട്ടങ്ങൾ

വ്യക്തമായ മൂന്നു ഘട്ടങ്ങളുണ്ടു് എല്ലാ വിദ്യാഭ്യാസത്ത

---

1. Johannes Hofinger, The A.B. C's of Modern Catechetics, p. 6.

ല്യം: നിരീക്ഷണം (Perception), സാത്മീകരണം (Assimilation), പ്രത്യുത്തരം (Response). ഒരു കുഞ്ഞിൻെറ പഠനം ഇന്ദ്രിയാനുഭവങ്ങളിലൊതുങ്ങിനില്ക്കും. സൂക്ഷ്മമായ ആശയങ്ങളെക്കാൾ അടുത്തറിയാവുന്ന സംഭവങ്ങളാവും അവനിഷ്ടം. അതുകൊണ്ടുതന്നെ കുഞ്ഞുങ്ങളുടെ മതബോധനത്തിൽ ഇന്ദ്രിയങ്ങളെ സ്വാധീനിക്കത്തക്കവിധത്തിലാവണം പഠനമുറ. ഒരേയൊരാശയമേ ഒരു കുഞ്ഞിനൊരുസമയം ഗ്രഹിക്കാനാവൂ. കൂടുതൽ ആശയങ്ങളുണ്ടോ, എങ്കിൽ നിശ്ചയമായും അവയോരോന്നും കൂട്ടിഘടിപ്പിക്കത്തക്കവിധം മെച്ചപ്പെട്ടതാവണം വിശദീകരണം. അറിവുലഭിച്ചതുകൊണ്ടുമാത്രമായില്ല. അതിനൊത്തൊരു ജീവിതമുരുത്തിരിയണം. കാതലുള്ളൊരു മതജീവിതത്തിനുള്ള ഒരുക്കമാവണം മതബോധനക്ലാസ്സുകളിൽ ലഭിക്കുക.

അറിവിൻെറ ഈ മൂന്നു ഘട്ടങ്ങളോടും ചേർന്നുപോകുന്നൊരു പ്രബോധനരീതി കരുപ്പിടിക്കയാണാവശ്യം. ഒരുക്കം, വിശദീകരണം, ധാർമ്മികപാഠം ഈ വിധത്തിലാവണം പഠനരീതിയുടെ പോക്ക്. "കുഞ്ഞുങ്ങളെ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുമ്പോൾ നിർവചനത്തിൽനിന്നാവരുതു നമ്മുടെ തുടക്കം. ദൈവം തന്നെപ്പററിയുള്ള നിർവ്വചനം നല്കുകയല്ല ആദ്യം ചെയ്യുന്നതു്. പകരം, തൻെറ ജനത്തിനുവേണ്ട പ്രവൃത്തിയിലേർപ്പെട്ടുകൊണ്ടാണു്."[1]

**ഒരുക്കം**

പഠനത്തിലേ നിരീക്ഷണഘട്ടത്തോടൊത്തുപോകേണ്ടതാണാ ഭാഗം. വിദ്യാർത്ഥിയുടെ താത്പര്യത്തെയും ജിജ്ഞാ

1. Sr. Romain H. H. S, Tell my People, Deacon Books, 1965.

സയേയും ഉജ്ജീവിപ്പിക്കേണ്ട അവസരമാണിതു്. നിശ്ചിത പ്രായത്തിലുള്ള അവൻെറ ആഗ്രഹമെന്തെന്നുള്ളിൽക്കാണണം. ഭക്ഷണത്തിന്നാഗ്രഹമുണ്ടാക്കാനല്ലാതെ തല്ലിത്തീററുക തെററാണു്. ഇതു മതബോധനത്തിൻെറ കാര്യത്തിലും വാസ്തവംതന്നെ. അവരുടെ മുമ്പിൽ രുചികരവും ആകർഷണീയവും ദഹനക്ഷമവുമായ വിഭവങ്ങളൊരുക്കുകയാവണം മതബോധനക്ലാസ്സിൽ. ക്ലാസ്സിന്നൊരു മുഖവുരവേണം. ഒരു കഥയോ സംഭവമോ വിവരിച്ചുകൊണ്ടതാരംഭിക്കുന്നതു നന്നു്. വിഷയത്തിലേക്കു് എത്തിയെത്തിനില്ക്കണം അതെന്നുമാത്രം. തുടക്കം ഒരിക്കലും ശുഷ്കമായൊരാശയമവതരിപ്പിച്ചുകൊണ്ടാവരുതു്. കർത്താവു വിരസമായ ആശയങ്ങളൊരിക്കലുമുപയോഗിച്ചില്ല. അവിടുത്തെ പ്രബോധനങ്ങളൊക്കെ ഒരു കഥയിലോ ഉപമയിലോ നാടകീയമായ ഏതെങ്കിലും ചിത്രീകരണത്തിലോ നിന്നാണാരംഭിക്കുക. പാപത്തിൻെറ നിർവ്വചനമുദ്ധരിച്ചുകൊണ്ടല്ല, ധൂർത്തപുത്രൻെറ കഥ പറഞ്ഞുകൊണ്ടാണു പാപത്തെപ്പററിയവിടുന്നു പഠിപ്പിച്ചതു്. ഇവിടെത്തന്നെ ഒരു കാര്യം. ക്ലാസ്സപ്പാടെ കഥയിലവസാനിക്കാൻ പാടില്ല. കഥപറയാനല്ല ദൈവത്തിൻെറ സന്ദേശം കൈമാറാനാണു് ഒരു മതാധ്യാപകൻ ക്ലാസ്സിൽ വരിക. അതിനുള്ള ഒരുപാധിയേ ആകാവൂ ഈ ചിത്രീകരണമൊക്കെ. ആവശ്യം കഴിഞ്ഞാൽ കഥയ്ക്കു പിന്നെയവിടെ സ്ഥാനമുണ്ടായിക്കൂടാ.

## വിശദീകരണം

ഒരു പ്രത്യേകപാഠത്തിൻെറ ഉള്ളടക്കം അനാവരണം ചെയ്യുകയാണിതിൽ. തുടക്കത്തിൽപ്പറഞ്ഞ കഥ നേട്ടനേ ചെന്നുനില്ക്കുക വിശദീകരിക്കേണ്ട തത്വത്തിലാവണം. കഥയിലന്തർലീനമായ മതപരമായ അർത്ഥത്തെ പുനരെടുത്തു

കാട്ടുകയാണിവിടെ ചെയ്യാനുള്ളതു്. ഏതാനും ചില ആശയങ്ങളൊക്കെ വിദ്യാത്ഥികൾക്കെറിഞ്ഞുകൊടുത്തിട്ട് അതു യാന്ത്രികമായി ഉരുവിട്ടുപഠിക്കാൻ അവരെ പരിശീലിപ്പിച്ചതുകൊണ്ടായില്ല. വേദപുസ്തകം മുഴുവൻ മനപ്പാഠമാക്കിയാലും ഒരുവൻ നല്ലക്രിസ്ത്യാനിയായി മാറിയെന്നതിന്നത്ഥമില്ല. നാം കഴിക്കുന്ന ഭക്ഷണം ശരീരത്തിൻെറ ഭാഗമായി മാറുന്നതുപോലെ വിദ്യാത്ഥിയുടെ ജീവിതത്തിൻെറയൊരു ഭാഗമായി മാറേണ്ടവയാണു് അവൻ മനസ്സിലാക്കുന്ന മതതത്വങ്ങൾ. അതവൻെറ മതപരമായ വളർച്ചയെ സഹായിക്കണം, മെച്ചമായി തുടരാൻ അവസരം നല്കണം. ലളിതമാവണം പ്രതിപാദനം. കഠിനമായ ഭാഷയിവിടെ പാടില്ല. നമുക്കറിയാവുന്നതെല്ലാമല്ല അവക്കാവശ്യമുള്ളതുമാത്രമേ അവിടെ പ്രതിപാദ്യമാകാവൂ. കഥയിലേ ആശയങ്ങളുടെ വിവരണത്തിൻെറ രത്നച്ചുരുക്കമാവണം വേദപാഠപ്പുസ്തകങ്ങളിലുണ്ടാവുക. മനസ്സിൽപ്പതിയുന്നതുമാത്രമല്ല ഹൃദയത്തിൽത്തട്ടുന്നതുകൂടിയാവണം ആ വിശദീകരണം. കഴിഞ്ഞ ക്ലാസ്സും ഈ ക്ലാസ്സുമായുള്ള ബന്ധവും വ്യക്തമാക്കണം. ഒരു പാഠത്തിൻെറ രത്നച്ചുരുക്കം ഏററവും കുറഞ്ഞ വരികളിൽ മനപ്പാഠം പഠിക്കാൻ നിർദ്ദേശിക്കുന്നതു നന്നു്. മുഴുവൻ മനസ്സിലാക്കിക്കൊടുത്തതിനുശേഷമേ അതിനു തുനിയാവൂ.

## പ്രായോഗികനിർദ്ദേശം

ജീവിതത്തിലേക്കുള്ള കുറെ പ്രായോഗികനിർദ്ദേശമാവണം ഓരോ ക്ലാസ്സിൽനിന്നും വിദ്യാത്ഥിക്കു ലഭിക്കുക. ഒരു പാടറിയുക എന്നതിനെക്കാൾ അറിയുന്നതത്രയും ജീവിതത്തിൽ പകത്തുക എന്നതിനാണു പ്രാധാന്യം. ക്രിസ്തുവിനു പരിപൂണ്ണമായൊരു സമർപ്പണമാണിവിടെയാവശ്യം....ഓരോ പാഠത്തിലും ഇങ്ങനെ വിശ്വാസംവഴി ദൈവത്തിനു പ്ര

ത്യുത്തരം നല്കാൻ ഓരോരുത്തക്കും കഴിയണം. അനുദി നജീവിതത്തിലെ വിവിധകടമകൾ ആ പഠനത്തിനൊത്തു വിശദസ്തതയോടെ നിറവേററാനുമവക്കുപററണം. ഓരോ ത ത്വത്തിനും വിദ്യാത്ഥിയുടെ ജീവിതത്തിലെന്തു സ്ഥാനമു ണ്ടെന്നുകൂടി തിട്ടപ്പെടുത്താൻ മതബോധനക്ലാസ്സിലവസര മുണ്ടാവണം.

## ഫിലിമും ചിത്രങ്ങളും

ആധുനികമനശ്ശാസ്ത്രവിധിയനുസരിച്ചു വിദ്യാഭ്യാസത്തി ലെ അവശ്യോപാധികളാണു ചിത്രങ്ങളും ഫിലിമുകളും മ ററും. ക്ലാസ്സിൽ വിശദീകരിക്കുന്ന കാര്യങ്ങൾ കണ്ണുകൊണ്ടു കണ്ടറിയാൻകൂടി കഴിഞ്ഞാൽ പെട്ടെന്നതു് ഉള്ളിൽത്തട്ടും. കർബാനയെപ്പററി ക്ലാസ്സെടുത്തിട്ടു വി. ബലിയുടെ വിവിധ വശങ്ങളൊരു ഫിലിമിൽ കാണാൻ കഴിഞ്ഞാൽ, മെച്ചമാ യി, തീർച്ച. കാരണം മറക്കരുതാത്തവിധം അതവിടെ പ തിയും. വിദ്യാത്ഥികളുടെ പ്രായത്തിനൊത്തേ ഈ സഹായോ പാധികൾ പ്രയോഗിക്കാവൂ എന്നുമാത്രം.

# പ്രബോധനം നാലുവിധം

സഭയുടെ ആദിമവർഷങ്ങളിലേക്കൊന്നു കണ്ണോടി ച്ചാൽ മതി പെട്ടെന്നു മനസ്സിലാകും, അന്നത്തെ പ്രബോധ നവിധികളുടെ ഒരേകദേശരൂപരേഖ. ചരിത്രപരവും വേദപു സ്തകപരവുമായ ഒരു പശ്ചാത്തലത്തിലാണന്നു രക്ഷയുടെ സന്ദേശം ഉദ്ഘോഷിക്കപ്പെട്ടതു്. ആരാധനക്രമത്തിൻെറ അനുഷ്ഠാനമായിരുന്നു അത്തരമൊരു പ്രഘോഷണത്തിന്നേററ വും പററിയ അവസരം. പിന്നെയാണു വന്നതു ക്രമീകൃതമാ

യൊരു മതബോധനം. അതുവഴി അനുദിനജീവിതത്തിലെ ഓരോ പ്രവൃത്തിയും വിശ്വാസസത്യങ്ങൾക്കനുരൂപമായി കരുപ്പിടിക്കാനനുള്ളവർ പരിശ്രമിക്കയുംചെയ്യു. അതുകൊണ്ടുതന്നെ ശരിയായയൊരു മതബോധനം പൂർണ്ണതയിലെത്തുക മേല്പറഞ്ഞ സംഗതികളുടെയൊക്കെ ഒരു നല്ല ചേരുവയിൽനിന്നത്രേ.

## ബൈബിൾ—ദിവ്യദൗത്യത്തിൻെറ ഉറവിടം.

കാതലുള്ളതാവണോ മതബോധനം, എങ്കിൽ അവശ്യം വേദപുസ്തകത്തിലധിഷ്ഠിതമായിരിക്കണമതു്. "ദൈവംതന്നെ, മാനുഷികലേഖകരുടെ സഹായത്തോടെ നമുക്കായി അവിടുത്തെ സന്ദേശം എഴുതിത്തന്നിരിക്കുന്ന ഏക ഗ്രന്ഥമാണു വി. ലിഖിതം. ദൈവത്തിൻെറ വിരചിതമായ വചനത്തിന്നീ പ്രത്യേകതയുണ്ടു്: അതിലേ ആശയങ്ങളും ആവിഷ്കരണരീതിയും ദൈവനിവേശിതങ്ങളാണു്....മതാധ്യാപകരെന്ന നിലയ്ക്കു പുതിയനിയമം നമ്മുടെ പ്രത്യേക പരിഗണനയർഹിക്കുന്നുണ്ടു്. അപ്പസ്തോലന്മാരുടെ ക്രിസ്തീയദൗത്യപ്രഘോഷണമുണ്ടതിൽ; ദൈവം അനുഗ്രഹിക്കുന്നവിധത്തിലുള്ളൊരു പ്രഘോഷണംതന്നെ. ദൈവംതന്നെ തൻെറ പ്രിയപ്പെട്ട മക്കളായ നമുക്കു ക്രിസ്തുവെന്ന വലിയ രഹസ്യത്തെ കൈമാറിത്തരാൻ എന്തുമാത്രമാഗ്രഹിച്ചെന്നു നാമവിടെ കാണും. അതുകൊണ്ടുതന്നെ ക്രിസ്തീയപ്രബോധനത്തിലൊക്കെ ബൈബിളിനു് ഉന്നതമായ സ്ഥാനം കൊടുക്കാനാണു യഥാർത്ഥമതബോധനം ഉന്നംവയ്ക്കുക"[1] ആരാധനയ്ക്കായി ദൈവജനം ഒന്നിക്കുമ്പോൾ അവർക്കോർമ്മവേണം നൂററാണ്ടുകളുടെ നീണ്ടപാരമ്പര്യം ഏററുവാങ്ങിയിരിക്കുന്നവരാണു ത

1 Hofinger "The A. B. C's of Modern Catechetics" p. 72.

ങ്ങളെന്ന്. ക്രിസ്തുവിനു 1800 വർഷങ്ങൾക്കുമുമ്പു ദൈവത്തിന്റെ ക്ഷണത്തിന്നൊരു മനുഷ്യൻ "അതെ" എന്നു മറുപടി കൊടുത്തതാണു് അവരൊക്കെ ദൈവജനമായിന്നൊന്നിക്കാൻതന്നെ കാരണം. അതു് അബ്രാഹമായിരുന്നു. ദൈവം മനുഷ്യനു തന്നെത്തന്നെ വെളിപ്പെടുത്തിയെന്നു നാം വിശ്വസിക്കുന്നു. ആ വെളിപാടിൽ കുറെ മനുഷ്യർ സാക്ഷ്യം വഹിക്കുകയും ചെയ്തു. അവരും അവർക്കുപിമ്പേ വന്നവരും ആ വെളിപാടിന്റെ വെളിച്ചത്തിലാണു ചിന്തിച്ചതും ആരാധിച്ചതുമൊക്കെ. ആ നീണ്ട പാരമ്പര്യത്തിന്റെ ഒരു വലിയഭാഗം വിരചിതമായി. അതാണു ബൈബിൾ. സിസ്റ്റർ മാർഗരററിനെത്തന്നെ ഉദ്ധരിക്കട്ടെ: "ചരിത്രത്തിൽ ദൈവംചെയ്ത രക്ഷാകരപ്രവൃത്തികളുടെ രേഖയാണു ബൈബിൾ. മാംസം ധരിച്ച ദൈവവചനത്തിന്റെ മനുഷ്യാവതാരവും മരണവും ഉത്ഥാനവുമാകുന്ന ഏററവും വലിയരക്ഷാകരപ്രവൃത്തിയാണതിന്റെ മുഴുവൻ മൂർദ്ധന്യം" 1. ദൈവം തന്റെ ജനത്തിനു നല്കിയ രക്ഷയും അടയാളങ്ങളുമുണ്ടവിടെ. അവരെ സൃഷ്ടിക്കയും രക്ഷിക്കയും അവരോടൊന്നുചേരുകയും ചെയ്ത ദൈവത്തിന്റെ സ്നേഹംതന്നെയാണവയിൽ പ്രതിഫലിക്കുക. ബൈബിളിലൂടെ നമ്മോടു സംസാരിക്കുന്ന ദൈവത്തേയും തന്നെപ്പററി അവിടുന്നു പറഞ്ഞുതരുന്ന സംഗതികളേയും നാമറിയുന്നു. ഈ ദൈവികവെളിപാടു പുരോഗമനാത്മകമാണു്. ക്രിസ്തുവിലാണതിന്റെ പൂർണ്ണത. ജീവിക്കുന്ന ദൈവത്തെ അടുത്തറിയാൻ ബൈബിളാണു നമുക്കിടനല്കുക. ചരിത്രത്തിലൂടെ ദൈവം ഒരു പുതിയ പാത തുറക്കുന്നു. അവിടുത്തെ സൃഷ്ടിയെ മുഴുവൻ ഒരു നിശ്ചിതലക്ഷ്യത്തിലെത്തിക്കുന്ന പാതതന്നെ. ഈ ചരിത്രത്തിനുണ്ടു നാടകത്തിന്റെയൊരുചുവ. ദൈവവും മനുഷ്യനുമാണവിടെ

1. Sister Margaret "Heralding Christ". p. 28.

ഏററുമുട്ടുക. ദൈവം മനുഷ്യനെ ക്ഷണിക്കുന്നു. അവൻ വിമുഖതകാട്ടുന്നു. കാൽവരിയിലാണാ നാടകത്തിൻെറ 'ക്ലൈമാക്സ്'! അവിടെയുണ്ടു ദൈവസ്നേഹത്തിൻെറ ഏററവും മിഴിവുററ ചിത്രം. മരണത്തിൻേറയും തിന്മയുടേയുംമേൽ ദൈവം കൈവരിച്ച ഏററവും വലിയ വിജയമായിരുന്നതു്. നഷ്ടപ്പെട്ട പറുദീസായുടെ ദൃശ്യവുമായി ബൈബിളിലെ കഥ ആരംഭിക്കുന്നെങ്കിൽ ദൈവത്തിൻെറ ഭവനത്തിൽ അവിടുത്തെ ജനത ഒന്നിക്കുന്ന ദൃശ്യവുമായാണതവസാനിക്കുക. ഉൽപത്തിയുടെ പുസ്തകത്തിലെ ഒരു വിവാഹംകൊണ്ടതാരംഭിക്കുന്നെങ്കിൽ വെളിപാടിൻെറ പുസ്തകത്തിലെ കല്യാണവിരുന്നോടെ—മണവാളനായ ദൈവവും തൻെറ പുതിയ ജനമായ ഇസ്രായേലും തമ്മിൽ സ്വർഗ്ഗീയ ഓർശ്ലത്തുവച്ചു നടക്കുന്ന സമാഗമത്തോടെ—അതവസാനിക്കുന്നു. ദൈവസ്നേഹത്തിൻെറ ആഴമാണവയൊക്കെ നമ്മെയറിയിക്കുക. പാരമ്പര്യത്തിൽ കൈമാറപ്പെട്ട വലിയ സംഭവങ്ങളായ സൃഷ്ടിയുടേയും ദൈവികക്ഷണത്തിൻേറയും, തിരഞ്ഞെടുപ്പിൻേറയും ഉടമ്പടിയുടേയുമൊക്കെ പിന്നിൽ പ്രവർത്തിച്ചതു് ആ വലിയ സ്നേഹമായിരുന്നു.

ബൈബിളവശ്യം പഠിപ്പിക്കണം. പക്ഷേ, വിദ്യാർത്ഥികളുടെ സ്ഥിതികൂടി കണക്കിലെടുക്കണമെന്നുമാത്രം. സാവധാനവും ക്രമവത്കൃതവുമായ പുരോഗതിയേ ലക്ഷ്യം വയ്ക്കാവൂ. ആദ്യത്തെ ക്ലാസ്സുകളിൽ ബൈബിളിൽനിന്നും തിരഞ്ഞെടുത്ത ഏതാനും നല്ല കഥകൾ മതിയാവും. അനാവശ്യകമായ വിശദീകരണങ്ങളിലല്ല അവയുടെ അന്തരാത്മത്തിലാവണം ശ്രദ്ധവയ്ക്കാനെന്നുമാത്രം. ഈ പ്രപഞ്ചത്തെ നമ്മുടെ ആവശ്യത്തിനായി സൃഷ്ടിക്കുന്ന ദൈവസ്നേഹത്തിൻെറ കഥയാണു സൃഷ്ടികർമ്മം നമുക്കു കാഴ്ചവയ്ക്കുക. കുട്ടികൾക്കു പഠനമാരംഭിക്കാൻ പററിയതവിടെയാണു്. സാവധാനം

കുഞ്ഞുങ്ങൾ ബൈബിൾ വായിക്കാൻ പഠിക്കണം. ആദ്യമൊക്കെ ആവശ്യമുള്ള നിശ്ചിതഭാഗങ്ങൾമാത്രംമതി. പിന്നെ ബൈബിൾ മുഴുവനും വായിക്കാൻ അവസരമുണ്ടാക്കണം. മുതിർന്ന ക്ലാസ്സുകളിലാകുമ്പോൾ പുതിയനിയമംമുഴുവനും പഴയനിയമത്തിലേ പ്രസക്തഭാഗങ്ങളും അവരറിയണം. ഭക്തിനിർഭരമായ അരൂപിയിൽവേണം ബൈബിളവർ കൈകാര്യം ചെയ്യുക. ആധ്യാത്മികജീവിതത്തിന്റെ ഉറവക്കണ്ണു വി. ലിഖിതമാണെന്നും ഏതാനും ചില ഭക്താനുഷ്ഠാനങ്ങളല്ലെന്നും ഗ്രഹിക്കാനവർക്കവസരം ലഭിക്കണം.

## ആരാധനക്രമവും മതബോധനവും

ബൈബിൾ മതബോധനത്തിന്റെ ഒരേയൊരു മാർഗ്ഗമല്ല. ആരാധനക്രമത്തിനുണ്ടീകാര്യത്തിൽ കാര്യമായൊരു പങ്ക്. ആരാധനക്രമത്തിൽ സജീവമായ ഭാഗഭാഗിത്വത്തിനു വിദ്യാർത്ഥികളെ ഒരുക്കുകയാവണം ആരാധനക്രമത്തിലധിഷ്ഠിതമായ മതബോധനത്തിന്റെ ലക്ഷ്യം. "ആരാധനക്രമങ്ങളിൽ പൂർണ്ണവും ബോധപൂർവ്വകവും കർമ്മോത്സുകവുമായ രീതിയിൽ ഭാഗഭാക്കുകളാകുവാൻ വിശ്വാസികളെ ഒരുക്കിക്കൊണ്ടുവരണമെന്നാണു തിരുസ്സഭാമാതാവിന്റെ തീവ്രാഭിലാഷം"[1]. ബൈബിളിൽ നാം കാണുന്ന ക്രിസ്തുവിന്റെരഹസ്യം ആവർത്തിക്കപ്പെടുക ആരാധനക്രമത്തിലാണ്. അനുദിനജീവിതത്തിലതെനിക്കുട്ടത്തനുഭവിക്കാനവസരമുണ്ടാകണമെന്നു ദൈവം കണ്ടു. സഭ സ്ഥാപിച്ചുകൊണ്ടു സഭയിൽ ക്രിസ്തുവിന്റെ രഹസ്യം എപ്പോഴും എനിക്കു ദൃശ്യമാകുന്നതിനവിടുന്നാഗ്രഹിച്ചു. കുറെ പ്രാർത്ഥനകളുടെ സമുച്ചയംമാത്രമായി ആരാധനക്രമത്തെ നാം പരിഗണിച്ചു

---

1 Vat. ii, Const. On Sacred Liturgy. art. 14.

കൂടാ. ദൈവജനം, ഒരു കുടുംബമായി തലവനായ ക്രിസ്തുവിനോടൊത്തു പിതാവിനാരാധനയർപ്പിക്കുന്നു. ജീവിതസമർപ്പണവും പ്രസാദവരസ്വീകരണവും നടക്കുന്നുണ്ടവിടെ. ദൈവം സഭയെ വിശുദ്ധീകരിക്കുകയും സഭ ദൈവത്തെ ആരാധിക്കുകയുമാണു ലിററർജിയിൽ. ഒന്നുകൂടി വ്യക്തമായി പ്പറഞ്ഞാൽ, രക്ഷാകര ചരിത്രത്തിൻെറ കേന്ദ്രസംഭവമില്ലേ, അതതേപടി ആവർത്തിക്കപ്പെടുന്നുണ്ട് ആരാധനക്രമത്തിൽ. ദൈവം ക്രിസ്തുവിലൂടെ നമ്മിലേക്കിറങ്ങിവരുന്നു; അവിടുന്നു നമ്മെ വിശുദ്ധീകരിക്കുന്നു, ക്രിസ്തുവിലൂടെ ദൈവത്തിങ്കലേക്കു നാം തിരിച്ചുപോകുന്നു. മതബോധനത്തിലിക്കാര്യം ഊന്നിപ്പറയണം.

ഭൂതവർത്തമാനഭാവികാലങ്ങളിലേ ദൈവമനുഷ്യബന്ധത്തിൻെറ ആകെത്തുകയാണ് ആരാധനക്രമത്തിൽ നാം ദർശിക്കുക. രക്ഷാകരചരിത്രത്തെ മുഴുവൻ, പോരാ, ക്രിസ്തുവിൻെറ രഹസ്യത്തേയും സഭയുടെ മൗതൃത്തേയും ഉൾക്കൊള്ളുന്നുണ്ട് ആരാധനക്രമം. അതുകൊണ്ടാണു മതബോധനവും ആരാധനക്രമവും ആദിമനൂററാണ്ടുകളിൽ കൂടിക്കുഴഞ്ഞു കിടന്നിരുന്നതും. വിശ്വാസസത്യങ്ങൾക്കൊക്കെ ചൈതന്യവും നവജീവനും ലഭിക്കുന്നതും ലിററർജിയിൽത്തന്നെ. കൗൺസിലിൻെറ ആരാധനക്രമത്തെസ്സംബന്ധിക്കുന്ന ഡിക്രിയിൽ 5മുതൽ 7വരെ ഖണ്ഡികകളിൽ വ്യക്തമായിപ്പറയുന്നുണ്ടിക്കാര്യം "ആരാധനക്രമത്തിലേ ഓരോ തിരുക്കർമ്മവും അത്യുൽകൃഷ്ടമാണ്. അവയോരോന്നും പുരോഹിതനായ ക്രിസ്തുവിൻേറയും തൻെറ സഭയുടേയും പ്രവൃത്തിതന്നെയാണ്. സഭയുടെ മററുയാതൊരു പ്രവർത്തനവും വൈശിഷ്ട്യത്തിലും ഫലദായകത്വത്തിലും ഇവയെ പിന്നിലാക്കാൻ പോരുന്നവയല്ലതന്നെ".[1] ക്രിസ്തുവുമായി

---

1. Vat. II, Const. On Liturgy, art. 7.

കുഞ്ഞുങ്ങൾ അടുത്ത സമ്പർക്കം പുലത്തണമെന്നു നാമാഗ്രഹിക്കുന്നെങ്കിൽ അതിനേററവും പററിയമാർഗ്ഗം ആരാധനക്രമത്തിൽ സജീവവും പൂർണ്ണവും ബുദ്ധിപരവുമായി പങ്കുചേരാനവരെ പരിശീലിപ്പിക്കയാണു്. ആ പരിശീലനമുണ്ടല്ലോ, അതുതന്നെ ഏററവും മെച്ചപ്പെട്ടൊരു മതബോധനമായിരിക്കും. ആരാധനക്രമത്തിലേ അടയാളങ്ങളും ആചാരങ്ങളും എന്തു സൂചിപ്പിക്കുന്നെന്നു വ്യക്തമാക്കിക്കൊണ്ടുവേണം സജീവമായഭാഗഭാഗിത്വത്തിന്നവരെയൊരുക്കുക. "ആരാധനക്രമം മനുഷ്യവ്യക്തിത്വത്തെ മുഴുവനും സ്പർശിക്കുന്നു; മനസ്സിനേയും ഹൃദയത്തേയും, വികാരങ്ങളേയും ബുദ്ധിശക്തിയേയും, ഇച്ഛയേയുമൊക്കെത്തന്നെ. ക്രിസ്തുവിൻെറ അരൂപികൊണ്ടു് ഒരുവൻെറ വ്യക്തിത്വത്തെമുഴുവൻ കാതലോളമിറങ്ങി സ്പർശിക്കുന്നതിനുള്ള മാർഗ്ഗമാണിതു്. കാരണം, ബൈബിളിൻെറ വാക്കുകളിൽ രക്ഷയുടെ രഹസ്യമുദ്ഘോഷിക്കുകമാത്രമല്ല, പ്രാർത്ഥനകളിലും ഗീതങ്ങളിലും ഈ ദിവ്യരഹസ്യത്തെ പ്രകാശിപ്പിക്കുന്നു. ഒപ്പം പരിശുദ്ധമായ അടയാളങ്ങളിലൂടെ അതിനെ അഭിവ്യഞ്ജിപ്പിക്കുകയും ചെയ്യുന്നു". [1]

നമ്മുടെ രക്ഷയുടെ രഹസ്യത്തെ കൗദാശികമായും ഫലവത്തായും പ്രകാശിപ്പിക്കുന്നതു ലിററർജിയാണു്. ആരാധനക്രമം എന്തു പഠിപ്പിക്കുന്നുവോ അതു—പ്രസാദവരത്തിലൂടെ ദൈവികജീവനിലുള്ള പങ്കുചേരൽ—നമുക്കു യഥാർത്ഥമായി നല്കുന്നു എന്നതുകൊണ്ടുതന്നെ ഏററവും ഉചിതമായ മതബോധനോപാധിയാണതു്.

"ക്രിസ്തുവിൻെറരഹസ്യം ഒരു ക്ഷണമാണു്. മനുഷ്യനെ ദൈവത്തെപ്പോലെയാക്കാൻ, ദൈവികജീവിതം മാനുഷികമായവിധം നയിക്കാൻ, ദൈവം മനുഷ്യനായി. ആ ദി

1. A. B. C'S of Medern Catechetics. p. 78.

വ്യരഹസ്യത്തെ അറിഞ്ഞതുകൊണ്ടു മാത്രമായില്ല; നാമതിൽ പങ്കുചേരേണ്ടവരുംകൂടിയാണ്. ഈ പങ്കുചേരൽ നടക്കുന്നതെപ്പോഴാണെന്നല്ലേ, ക്രിസ്തുവിൻെറ രഹസ്യം ദിവ്യബലിയിലും കൂദാശകളിലും ആവർത്തിക്കപ്പെട്ടുമ്പോഴുംതന്നെ. അതുകൊണ്ടു മതബോധനത്തിൻെറ പ്രധാനലക്ഷ്യം നമ്മുടെ വിശ്വാസരഹസ്യങ്ങളിൽ സജീവവും ബുദ്ധിപരവുമായി പങ്കുചേരാൻ വിദ്യാർത്ഥികളെ ഒരുക്കുകയാണ്".[1]

കൂദാശകളും ദിവ്യബലിയും ആരാധനക്രമവത്സരവുമൊക്കെ വിശദീകരിക്കപ്പെട്ടുമ്പോൾ ജീവസ്സുററൊരു ആധ്യാത്മികജീവിതത്തിന്ന് അതുവഴി കുഞ്ഞുങ്ങൾക്കു പ്രേരണ ലഭിക്കണം. കുർബാനയിലും കൂദാശകളിലും തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കയാണെന്നും പകരം ക്രിസ്തുവിൻെറ ശരീരവും രക്തവും ഏററുവാങ്ങുകയാണെന്നുമുള്ള ബോധം കൈവന്നാൽമതി, നിശ്ചയമായും വിദ്യാർത്ഥികളിലതൊരു ആധ്യാത്മിക നവോത്ഥാനമുളവാക്കും.

## ക്രമവത്കൃതമതബോധനം

മതബോധനത്തിൽ ബൈബിളിനും ലിററർജിയ്ക്കും കൂടുതൽ സ്ഥാനംകൊടുക്കുന്നതുകൊണ്ടു ക്രമവത്കൃതമായ മതബോധനപ്രസ്ഥാനത്തിൻെറ പ്രാധാന്യം നഷ്ടപ്പെടുന്നില്ല. അതാവശ്യമാണ്, അത്യാവശ്യമാണ്. കാരണം, വിശ്ലേഷണസംശ്ലേഷണങ്ങൾക്കും നിർവചനത്തിനുമൊക്കെയുള്ള മനുഷ്യൻെറ അഭിവാഞ്ഛയുണ്ടല്ലോ, മതബോധനത്തിൻെറ കാര്യത്തിൽ അതിവിടെയേ നടക്കൂ. വേണ്ടതു വേണ്ടനേരത്തു പറഞ്ഞുകൊടുക്കുന്ന രീതിയിലതു സംവിധാനം ചെയ്യണമെന്നേയുള്ളു. ശുഷ്കമായ കുറെയേറെ ആശയങ്ങളായി നമ്മുടെ

1. Ibid.

ദിവ്യസന്ദേശത്തെ ചിത്രീകരിക്കുന്നതിൽപ്പരം പിശകു മററൊന്നുമില്ല. ബൈബിളിൻേറയും ലിററർജിയുടേയും വെളിച്ചത്തിൽ മതബോധനമൊക്കെ ക്രിസ്തുമതത്തെ രക്ഷയുടെ ദിവ്യസന്ദേശമായി ചിത്രീകരിക്കണമെന്നു നിർബന്ധമുണ്ടിന്നുള്ളവർക്ക്. ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കുറെയേറെ പ്രമാണങ്ങൾ കോർമ്പകുത്തി ഞാത്തിയിട്ടിരിക്കുകയല്ല സഭയിൽ. ക്രിസ്തീയസന്ദേശത്തിൻെറ മുഴുവൻഐക്യത്തേയും കണക്കിലെടുത്തുകൊണ്ടുവേണം ശരിയായ മതബോധനം നടത്തുക. വെള്ളം ചോരാത്ത കമ്പാർട്ടുമെൻറുകളിലിടച്ച് ഓരോ വർഷവും ഏതാനും ചില ഒററപ്പെട്ട ദൈവശാസ്ത്രതത്വങ്ങൾ പഠിപ്പിക്കുന്ന ആ പഴയ പതിവൊരുപാടുപവേം ചെയ്യും. കുഞ്ഞിൻെറ വളർച്ച ക്രമാനുഗതമാണ്. അതിൻെറ തോതനുസരിച്ചുവേണം ദൈവികസത്യങ്ങളെക്കുറിച്ചുള്ള അറിവും അവനു ലഭിക്കുക. വിശ്വാസസത്യങ്ങൾക്കു തമ്മിലുള്ള അഭേദ്യബന്ധം അവർക്കു മനസ്സിലാക്കിക്കൊടുക്കണം. അതിനൊത്ത വിധമാവണം വേദപാഠപ്പുസ്തകങ്ങളുടെ സംവിധാനം. "വേദപാഠക്ലാസ്സിൻെറ വിജയം ആശ്രയിച്ചിരിക്കുക, പഠിപ്പിച്ചകാര്യം തന്നെവ്യക്തിപരമായി ബാധിക്കുന്നു എന്നു വിദ്യാർത്ഥിയിലുണ്ടാകുന്ന മാനസ്സികാവബോധത്തെയാണ്. ദൈവത്തിനു് എങ്ങനെ മറുപടി കൊടുക്കണമെന്നു് അധ്യേതാവിനു മനസ്സിലാകത്തക്കവിധം അവൻെറ ജീവിതവും പ്രവർത്തനങ്ങളും ക്രിസ്തുവിൻേറതിനോടനുരൂപമാക്കിക്കൊണ്ടു ക്ലാസ്സുകൾ സംഘടിപ്പിക്കണം"1. ഇക്കാര്യത്തിൽ കുറെയേറെ ചോദ്യങ്ങളും ഉത്തരങ്ങളും നല്കിയതുകൊണ്ടു ലക്ഷ്യം നേടാനാവില്ല. ശീശ്മകളെ എതിർക്കാൻ ഗുളികപ്പാകത്തിലുള്ള അത്തരം ചോദ്യോത്തരങ്ങൾ പണ്ടാവശ്യകമായിരുന്നു. ഇന്നും അതേ പററു എന്നു പറയു

---

1. Sr. Romain, Tell My People, p. 12.

ന്നതിലർത്ഥമില്ല. നാലുഗുണങ്ങളാണ് ഒരു മതബോധന ഗ്രന്ഥത്തിനു വേണമെന്നു ഫാ. ഫോഫിംഗർ പറയുക:

1) ദൈവികവെളിപാടിനനുരൂപമായൊരു പ്രതിപാദനമാവണം വേദോപദേശപ്പുസ്തകത്തിന്റേതു്. ശുഷ്കമായ നിർവ്വചനങ്ങൾമാത്രമാവരുതു്.

2) പാഠങ്ങൾക്കൊക്കെ പരസ്പരബന്ധംവേണം. വെളിപാടിന്റെ ഐക്യത്തേയും വെളിപാടിന്റെ കേന്ദ്രമായ ക്രിസ്തുവിനേയും അതു വ്യക്തമായവതരിപ്പിക്കണം.

3) ഏതാനും ചില ധാർമ്മിക കടമകളെന്നതിനെക്കാൾ രക്ഷയുടെ സദ്വാർത്തയാവണം ഓരോ ഭാഗവും എടുത്തുകാട്ടുക.

4) അദ്ധ്യേതാക്കളുടെ പ്രായവൈവിധ്യത്തിനനുസരിച്ചാവണം അവതരണം.

# ക്രിസ്തീയവിശ്വാസത്തിന്റെ ജീവനുള്ള സാക്ഷ്യം

ക്രിസ്തീയവിശ്വാസത്തിന്റെ ജീവിക്കുന്ന കുറെ മാതൃകകളാണിന്നേററവുമധികമാവശ്യം. അവരുടെ സജീവമാതൃകകൾതന്നെയായിരിക്കും ഏററവും നല്ല മതബോധനമാധ്യമവും. ഉള്ളിൽത്തട്ടുംവിധം ക്രിസ്തീയവിശ്വാസത്തെ ജീവിച്ചുകാട്ടിയവർക്കു മററുള്ളവരെ ക്രിസ്തീയ ജീവിതത്തിലേക്കെളുപ്പത്തിലാനയിക്കാൻ കഴിയും. അതുതന്നെയാണു മതബോധനത്തിന്റെ പരമമായ ലക്ഷ്യവും. വിശുദ്ധരുടെ ജീവിതത്തെ ഇടയ്ക്കിടെ അവതരിപ്പിച്ചുകൊണ്ടു ദൈവത്തിന്റെ ക്ഷണത്തിനു തങ്ങളുടെ ജീവിതത്തിലൂടെ അവരെങ്ങനെ പ്രത്യുത്തരം നല്കി എന്നെടുത്തു കാട്ടുന്നതു കൂടുതൽ ഉപയോഗപ്രദമായിരിക്കും. ശ്ലീഹന്മാർ ക്രിസ്തുവിനു സാക്ഷ്യം വഹി

ന്റെ പ്രസംഗത്തിലൂടെമാത്രമല്ല, ഈലോകത്തിൽ ക്രിസ്തുവിന്റെ ജീവിക്കുന്നസാക്ഷ്യമായി വർത്തിച്ചുകൊണ്ടുകൂടിയാണ്. അവരുടെ സാക്ഷ്യംതന്നെയാണു ക്രിസ്തുവിലൂടെ നേടിയ രക്ഷയുടെ സജീവമായ മാതൃകകളായി ലോകത്തിന്റെ മുമ്പിൽ വർത്തിക്കുന്നതും. വിശുദ്ധരുടെ തിരുനാളുകളെ എടുത്തുകാട്ടുന്ന ആണ്ടുവട്ടക്കാലം അവരുടെ സജീവമായ മാതൃകകൾ എടുത്തുകാട്ടുന്നതിനു് ഏററവും പററിയ അവസരമായിരിക്കും.

തിരുസ്സഭാചരിത്രംതന്നെ ശരിയായ വീക്ഷണകോണത്തിലൂടെ നിരീക്ഷിച്ചാൽ വെറും ചരിത്രമെന്നതിനെക്കാൾ നിരന്തരമായ ദൈവികപ്രവർത്തനത്തിന്റെ സാക്ഷ്യമാണെന്നു മനസ്സിലാകും. ഈ ദൈവികപ്രവർത്തനം ഓരോ സംഭവവികാസത്തിനും ആധ്യാത്മികമായൊരു പരിവേഷം നല്കുന്നുണ്ടു്. ക്രിസ്തു തന്റെ സഭയെ എങ്ങനെ പഠിപ്പിക്കുന്നു, ഭരിക്കുന്നു, വിശുദ്ധീകരിക്കുന്നു എന്നതിനു സജീവതെളിവാണതു്. ഇന്നത്തെ മാതൃകകളും തീർച്ചയായും ഉപയോഗപ്രദമാണിക്കാര്യത്തിൽ. പരസ്നേഹത്തെപ്പററി താത്വികമായി പ്രസംഗം നടത്തുന്നതിനെക്കാൾ മെച്ചമായിരിക്കും മദർ തെരേസയെപ്പോലെയൊരു കന്യാസ്ത്രീ നടത്തുന്ന പരസ്നേഹത്തിന്റെ മാതൃകകളെടുത്തു കാട്ടുന്നതു്.

അനുദിനജീവിതത്തിലെ ഓരോനിമിഷവും, സന്തോഷത്തിലും സങ്കടത്തിലും ദൈവതിരുമനസ്സിനു പരിപൂർണ്ണമായി കീഴ്‌വഴങ്ങിക്കൊണ്ടു തങ്ങളുടെ കൊച്ചുകൊച്ചു കർമ്മകൾ ദൈവത്തിനുവേണ്ടി വിശ്വസ്തതയോടെ നിറവേററുന്നവരുടെ മാതൃക പിഞ്ചുകുഞ്ഞുങ്ങൾ പെട്ടെന്നു കണ്ടുപഠിച്ചെന്നു വരും. മാതാപിതാക്കൾ മതപരമായ കാര്യങ്ങളിൽ എന്തുമാത്രം ശുഷ്കാന്തി കാട്ടുന്നുവോ അതിനൊത്ത അക്കാര്യത്തിൽ കുഞ്ഞുമക്കൾക്കും താത്പര്യമുണ്ടാവൂ. ദൈവസ്നേഹത്തിന്റെ മാധുര്യം ഒരു കുഞ്ഞു് ആദ്യം അനുഭവിക്കുക അവ

ൻെറ മാതാപിതാക്കളിൽ നിന്നാണ്. പരസ്നേഹത്തിൻെറ യും സേവനത്തിൻെറയും മാതൃക ആദ്യമവൻ ജീവിതത്തിൽ പ്പകത്തുന്നതും പരസ്പരം സ്നേഹിച്ചും സഹായിച്ചും കഴിയുന്ന മാതാപിതാക്കളിൽനിന്നാവും.

## മതാധ്യാപകൻ ക്രിസ്തുവിൻെറ സഹപ്രവർത്തകൻ

ക്രിസ്തുവിൻെറ സഭയ്ക്കു നിങ്ങളുടെ സഹായമാവശ്യ മുണ്ട്. തിടുക്കത്തിൽ മറുപടി കൊടുക്കേണ്ട ആഹ്വാനമാണി ത്. നാഥൻ നമ്മുടെ കരങ്ങളിലാണവിടുത്തെ ദിവ്യദൗത്യ മേല്പിച്ചതു്. അതു പ്രചരിപ്പിക്കാൻ നിങ്ങൾ മുന്നോട്ടു വരി ല്ലേ, ഇല്ലെങ്കിൽ ഒരിക്കലും അതു പ്രചരിക്കില്ല. അവിടുത്തെ ശത്രുക്കൾ ധൈര്യവാന്മാരായിരിക്കുമ്പോൾ എന്തുകൊണ്ടവി ടുത്തെ സ്നേഹിതർ ലജ്ജിച്ചു നില്ക്കണം? ദൈവം മോസസി നെ വിളിച്ചപ്പോളദ്ദേഹം പറഞ്ഞു: "ദൈവമേ, ഞാൻ മടിയ നും വിക്കനുമാകുന്നു"എന്നു്. "ഞാൻ നിന്നോടൊത്തുണ്ടു്" എന്നായിരുന്നു അതിനു ലഭിച്ച മറുപടി. അതുകൊണ്ടു്, ധൈ ര്യമായി നിങ്ങളും മുന്നോട്ടു പോകൂ. നിങ്ങൾ ശ്രവിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും ജീവിക്കുകയും ചെയ്ത സദ്വാ ർത്തയിൽ പങ്കുകാരാകുവിൻ.

ദൈവജനം വർദ്ധിച്ചു സഭാമാതാവിൻെറ കരങ്ങളി ലൊന്നിച്ചുചേരുന്നതും ക്രിസ്തുവിൽ അവർ തങ്ങളുടെ ഐ ക്യത്തിൻെറ ഉറവക്കണ്ണു ദർശിക്കുന്നതും നിങ്ങളുടെ പ്രാർത്ഥ നയേയും പ്രവൃത്തിയേയും ആശ്രയിച്ചിരിക്കും. ക്രിസ്തുവിൻെറ പ്രവർത്തനത്തിൻെറ തുടർച്ചയാണു മതബോധനം. മതാധ്യാ പകനിലൂടെയാണവിടുന്നാപ്രവർത്തനം നടത്തുക. ദൈവത്തി ങ്കലേക്കു് ഓരോരുത്തനേയും പിടിച്ചടുപ്പിക്കുവാനും ദൈവ

മക്കളാക്കി അവരെ വളർത്തിയെടുക്കുവാനുമുള്ള വലിയ കടമ യാണു മതാധ്യാപകനുള്ളതു്. മാതാപിതാക്കൾ കഴിഞ്ഞാൽ കുഞ്ഞുങ്ങളിൽ ഏററവുമധികം സ്വാധീനം ചെലുത്തുക മ താധ്യാപകനാണു്. വി. പൗലോസ്തന്റെ ശിഷ്യന്മാരോടാ യി പറഞ്ഞു: "ഞാൻ ക്രിസ്തുവിന്റെ അനുയായി ആയിരിക്കു ന്നതുപോലെനിങ്ങൾ എന്റെഅനുയായികളാവുക". ക്രിസ്തീ യ സന്ദേശത്തിന്റെ വിവിധ പടികൾ വിശദീകരിച്ചു കൊ ടുക്കുകയാണു മതാധ്യാപകരുടെ കർമ്മപരിപാടി. ആ ദിവ്യ സന്ദേശം കൈമാറുന്നതിൽ ഏററവും നല്ല വിനിമയോപാ ധി അവരോരോരുത്തരുടേയും ജീവിതംതന്നെയാണു്. അവരു ടെ സജീവമായ മാതൃകതന്നെയായിരിക്കും കുഞ്ഞുങ്ങളോട് ഏററവുമുറക്കെ സംസാരിക്കുക. പള്ളിയിലെ പെരുമാററം, പ്രാർത്ഥനയിലെ ഭാഗഭാഗിത്വം, പരസ്നേഹത്തിന്റെ കാര്യ ത്തിൽ സ്വീകരിക്കുന്ന നിലപാട്, ക്രിസ്തീയജീവിതത്തി ന്റെ പരിശുദ്ധി പാലിക്കുന്നതിനു കാട്ടുന്ന തീക്ഷ്ണത തുടങ്ങിയ കാര്യങ്ങളിലെല്ലാം മതാധ്യാപകർ മാതൃകയായി രിക്കുമെങ്കിൽ, തീർച്ചയായും കുഞ്ഞുങ്ങളവരുടെ മാതൃകയനു കരിക്കും.

ഫാദർ റാനർ പറയുന്നു, മതാധ്യാപകനൊരു പ്രവാചക നാണു് എന്നു്. ചരിത്രസംഭവങ്ങളുടെ അർത്ഥം വിശദീക രിച്ചുകൊണ്ടു്, അവ ദൈവികവെളിപാടിന്റെ അടയാള ങ്ങളാണെന്നു കാണിച്ചുകൊടുക്കുകയായിരുന്നു പ്രവാചക രോരോരുത്തരും. അവർക്കോരോരുത്തർക്കുമുണ്ടായിരുന്നു തങ്ങളു ടേതായ വ്യക്തിത്വവും ആ വ്യക്തിത്വത്തോടലിഞ്ഞുചേർ ന്ന സുകൃതങ്ങളും. പുതിയനിയമത്തിലെ പ്രവാചകനായ മ താധ്യാപകനിലും കാണണം അതേ സുകൃതങ്ങളൊക്കെത്ത ന്നെ. അല്ലെങ്കിൽ പക്ഷേ, ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യ ത്തിൽ അയാൾക്കു വിജയിക്കാനൊത്തില്ലെന്നുവരും. എടുത്തു

പറയേണ്ട ചില പ്രത്യേക സുകൃതങ്ങളുണ്ടാവണം മതാദ്ധ്യാ പകനിൽ.

1. **വിശ്വസ്തത:** ക്രിസ്തുവിൻെറ ദിവ്യദൗത്യമാണ യാൾ കൈമാറുന്നതു്. ക്രിസ്തുവിൻെറ സന്ദേശവാഹകനെ ന്ന നിലയ്ക്കു് അവിടുന്നേല്പിച്ചിരിക്കുന്ന സന്ദേശത്തോടു് അ ങ്ങേയററം വിശ്വസ്തത കാട്ടണമയാൾ. തന്നെത്തന്നെ പരി പൂർണ്ണമായി ക്രിസ്തുവിനർപ്പിച്ചുകൊണ്ടു്, അവിടുത്തെ യോ ഗ്യതയുള്ള ഉപകരണമാവണം മതാദ്ധ്യാപകൻ. ക്രിസ്തുനാ ഥനേല്പിച്ചിരിക്കുന്ന ദിവ്യസന്ദേശമാണു ക്ലാസ്സിലയാൾ കൈകാര്യം ചെയ്യുക. വ്യക്തിപരമായ അഭിലാഷങ്ങൾ ക്കൊത്ത ആശയങ്ങളാവരുതു് അവിടെ അയാൾ അവതരി പ്പിക്കുക. ദൈവം ക്രിസ്തുവിൽ നമ്മെ ഒരു പുതിയ ജീവി തത്തിന്നായി ക്ഷണിച്ചിരിക്കുന്നു എന്ന സനാതനസത്യം വിദ്യാത്ഥികളുടെ ഹൃദയത്തിൽ ഏതുവിധവും പതിഞ്ഞു നില്ക്കാനവസരം കൈവരുത്തണം. അതുകൊണ്ടുമായില്ല, ആ ചിന്തക്കൊത്തു സ്വന്തം ജീവിതത്തെ ക്രമപ്പെടുത്താൻ കഴിഞ്ഞാലേ ക്രിസ്തുവിനു് അയാളിലൂടെ സംസാരിക്കാ നൊക്കൂ.

2. **നിസ്വാത്ഥത:** സ്വന്തം പേരിനുവേണ്ടിയല്ല ദൈവത്തിനുവേണ്ടി പണിയെടുക്കേണ്ടവനാണു മതാദ്ധ്യാപ കൻ. ക്രിസ്തുവിൻെറ നാമത്തിലാവണം അയാളെപ്പോഴും വത്തിക്കുക. ഈ പരിഗണന ദിവസത്തിൽ കുറച്ചുസമയമെ ങ്കിലും പഠനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കാൻ ഓ രോ മതാദ്ധ്യാപകനേയും പ്രേരിപ്പിക്കണം. ക്രിസ്തുവിനുവേ ണ്ടി ഒഴിഞ്ഞുവെച്ച ഒരു ജീവിതം, ക്രിസ്തുവിൽ കേന്ദ്രീകൃത മായൊരു ജീവിതം—അതാണൊരു മതാദ്ധ്യാപകൻെറ വിജ യനിദാനം. "ഇപ്പോൾ ഞാനല്ല ജീവിക്കുന്നതു്, ക്രിസ്തു

എന്നിൽ ജീവിക്കുന്നു'' എന്നു് വി. പൗലോസിനോടൊത്തു് അവരോരുത്തർക്കും പറയാൻ പററണം.

**3. സജീവമായ തീക്ഷ്ണത:** ക്രിസ്തു നമ്മിലോരോരുത്തരിലും ജീവിക്കുന്നു എന്നു ബോധ്യമുണ്ടോ, എങ്കിൽ മററുള്ളവരെക്കൂടി ക്രിസ്തുവിലേക്കു നയിക്കാനുത്സാഹമുണ്ടാവും. ക്രിസ്തു മനുഷ്യവംശത്തിന്റെ രക്ഷകനാണെന്ന ചിന്ത മതാധ്യാപകനിൽ ദൃഢമൂലമാവണം. ക്രിസ്തുവിന്റെ പേരിൽ അയാൾ നല്കുന്ന സന്ദേശമില്ലേ, അതൊരു പുതിയ ജീവിതത്തിന്റെ സന്ദേശമാണു്. ക്രിസ്തുവിൽ ഒരു പുതിയ ജീവിതം നയിക്കാൻ വിദ്യാത്ഥികൾക്കു കഴിയുക—അതാണു മതാധ്യാപകന്റെ സന്ദേശത്തിന്റെതന്നെ ലക്ഷ്യം. ക്രിസ്തുവിലുണ്ടായിരുന്ന അതേ സുകൃതങ്ങൾ അധ്യാപകനിലും കണ്ടെത്താൻ കഴിയുന്ന വിദ്യാത്ഥി, അയാൾവഴി ക്രിസ്തുവിലേക്കാകർഷിക്കപ്പെടണം. ക്രിസ്തീയജീവിതത്തിനുള്ള തയ്യാറെടുപ്പാണു മതാധ്യാപകൻ നല്കുന്ന സന്ദേശത്തിനു ലഭിക്കേണ്ട പ്രത്യുത്തരം.

**4. സജീവസാക്ഷ്യം:** താൻ പഠിപ്പിക്കുന്ന സന്ദേശം ജീവിതത്തിൽ പകത്തിക്കാട്ടുമ്പോഴേ തന്റെ ദൈവവിളിയോടു മതാധ്യാപകൻ വിശ്വസ്തത കാട്ടുന്നുള്ളൂ. ക്രിസ്തുവിന്റെ ജീവിതംതന്നെയായിരുന്നു അവിടുത്തെ ഏററവും വലിയ പ്രബോധനം. വിദ്യാത്ഥിയുടെ ജീവിതത്തിലൊരു പരിവത്തനം സാധിക്കണം. അതിനു ക്രിസ്തുവിലുള്ള വിശ്വാസം സജീവമായിരിക്കണം ഓരോ മതാധ്യാപകനിലും. ദൈവത്തിന്റെ ക്ഷണത്തിനു സ്വന്തം ജീവിതംവഴി പ്രത്യുത്തരം നല്കാനയാൾക്കു കഴിഞ്ഞെങ്കിലേ മതാധ്യാപനമെന്ന വലിയ കടമ ഏറെറടുക്കാനയാൾ ധൈര്യപ്പെടാവൂ.

## ജീവിതവിശുദ്ധിമാത്രം പോരാ

ക്രിസ്തീയവിശ്വാസത്തിൻെറ ഓരോ സത്യവും അരച്ചു കുറുക്കിപ്പഠിച്ചെങ്കിലേ വിജയകരമായി ക്ലാസ്സെടുക്കാൻ പററൂ. വിശ്വാസസത്യങ്ങളെപ്പററി തികഞ്ഞ ഉൾക്കാഴ്ച വേണമയാൾക്ക്. ബൈബിളിനും ലിററർജിക്കും ഓരോ മതാധ്യാപകൻെറയും ജീവിതത്തിൽ കൂടുതൽ സ്ഥാനം ലഭിക്കണം. അതാണാവശ്യം. മതബോധനത്തിൽ ബൈബിളിനു സ്ഥാനം ലഭിക്കണമെങ്കിൽ, അധ്യാപകൻെറ ജീവിതത്തിൽത്തന്നെ അതിന്നാദ്യം സ്ഥാനം ലഭിക്കണം.

## ബൈബിൾ—പഠനത്തിൻെറ കേന്ദ്രം

എഴുതപ്പെട്ടതിലേററവും മെച്ചപ്പെട്ട പുസ്തകം ബൈബിളാണെന്നു മതാധ്യാപകൻ തൊണ്ടപൊളിയുമാറുച്ചത്തിൽ പഠിപ്പിച്ചതുകൊണ്ടായില്ല; അയാളുടെ സ്വന്തം ജീവിതത്തിൽ വി. ഗ്രന്ഥത്തിനു സ്ഥാനം ലഭിച്ചില്ലെങ്കിൽ, ആ പഠിപ്പിക്കലിനൊന്നും കഴമ്പില്ല. എന്നും ബൈബിൾ വായിക്കുക, അതു നന്നായൊന്നു പഠിക്കുക; മതബോധനത്തിൻെറ വിഷമം താനേ കുറയും.

ഒന്നാമതു ബൈബിളിനെ ബഹുമാനിക്കാൻ പഠിക്കുക. ദൈവത്തെപ്പററി ദൈവത്തിൽനിന്നു നേരിട്ടു പഠിക്കുകയാണു ബൈബിൾവായനവഴി നാം ചെയ്യുന്നത്. രണ്ടു കാര്യമാണിവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതു്: 1, ക്രിസ്തീയ സന്ദേശത്തിൻെറ മുഴുവൻ ഉൾപ്പൊരുളെന്തെന്നറിയാനാവണം ബൈബിൾപഠനത്തിൽ മതാധ്യാപകൻെറ ശ്രദ്ധ; പരസ്പരബന്ധമില്ലാത്ത ഏതാനും ചില ആശയങ്ങൾ എണ്ണിപ്പെറുക്കിയെടുക്കാനാവരുതു്. 2, ആ ദിവ്യസന്ദേശത്തിലെ പ്രധാനപ്പെട്ട വിശുദ്ധസത്യങ്ങളോരോന്നിൻെറയും അന്തരാത്മാവും വ്യാപ്തിയും ഗ്രഹിക്കുക; അപ്രസക്തമായ ഭാഗങ്ങളവഗണിച്ചാ

ല്യംവേണ്ടില്ല. ജീവിതത്തിലൊരിക്കലെങ്കിലും വേദപുസ്തകം മുഴുവനും അയാൾ വായിച്ചുവസാനിപ്പിക്കണം. പുതിയനിയമം വർഷത്തിലൊരിക്കലെങ്കിലും വായിക്കണം. ദിവസത്തിലൊരിക്കൽ ഒരദ്ധ്യായമെന്ന പരിപാടി തയ്യാറാക്കിയാൽ നിശ്ചയമായും ഇതു വിജയിക്കും. ആരാധനക്രമവത്സരത്തിലേ വിവിധഘട്ടങ്ങളോടു ബന്ധപ്പെടുത്തിയാണു വായനയെങ്കിൽ കൂടുതൽ മെച്ചം.

## ആരാധനക്രമജീവിതം—ജീവനാഡി

മതപ്രബോധകൻ നല്ലൊരദ്ധ്യാപകൻമാത്രമല്ല ക്രിസ്തുവിൻെറ പുതിയ പ്രവാചകൻകൂടിയാണ്. ആ നിലയ്ക്കു കട്ടിയുള്ളൊരാദ്ധ്യാത്മികജീവിതമില്ല അയാൾക്കെങ്കിൽ മററു പഠനമൊക്കെ വെറും ഉപരിപ്ലവമായിപ്പോകും, തീർച്ച. ആദ്ധ്യാത്മികജീവിതത്തിൻെറ ഏററവും മെച്ചപ്പെട്ട തലമാണല്ലോ ആരാധനക്രമം. മതാദ്ധ്യാപകൻ തൻെറ പ്രവൎത്തനത്തിനുവേണ്ട ശക്തിയും കഴിവുമാർജ്ജിക്കുക ഈ ആദ്ധ്യാത്മികവിദ്യാലയത്തിൽനിന്നാവണം. വി. ബലിയിൽ സജീവമായി സംബന്ധിക്കുന്ന മതാദ്ധ്യാപകൻ പ്രബോധകനായക്രിസ്തുവിനേയും സ്വീകരിച്ചുകൊണ്ടാണു മതപഠനക്ലാസ്സിലേക്കു പോകുക. അവിടെ ക്രിസ്തു അയാളിലൂടെ സംസാരിക്കും. കുർബാനയിലും മററു കൂദാശകളിലും സജീവമായി പങ്കെടുക്കുവാൻ അവർക്കു കഴിയണം. കുർബാനയിൽ സമൂഹത്തെ നയിക്കാനും, ലേഖനം വായിക്കാനുമൊക്കെ മുൻകയ്യെടുക്കണമവർ. ഈ മാതൃക കുഞ്ഞുങ്ങളെ ആകർഷിക്കും, തീർച്ച.

## മതാദ്ധ്യാപകസഹായികൾ

മതാദ്ധ്യാപകനു സ്വന്തമായുണ്ടാവണം, താൻ കൈകാര്യംചെയ്യുന്ന വിഷയത്തെസ്സംബന്ധിക്കുന്ന നല്ലൊരു ടെക്

സ്റും മററുകുറെപ്പുസ്തകങ്ങളും. ടെക്സ്റുബുക്കിലായിരിക്കും മററു പലിടത്തെക്കാൾ അടുക്കും ചിട്ടയുമായി കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുക. പഠിപ്പിക്കേണ്ടതിൻെറ ഒരു കൊച്ചു രൂപരേഖയുമായേ ക്ലാസ്സിലേക്കു പോകാവൂ. അവസാനനിമിഷത്തിൽ ക്ലാസ്സിനൊരുങ്ങാനിരുന്നാൽ ഒരുക്കം വഴിയിലും വിദ്യാർത്ഥികൾ കഷ്ടത്തിലുമാവും. ക്ലാസ്സിൽ അവശ്യം വേണ്ട സഹായകസാമഗ്രികൾ സജ്ജീകരിക്കാൻ സൗകര്യം കാണണം. നൂതനോപാധികളുണ്ടായാൽ മാത്രംപോരാ, ഉപയോഗിക്കാൻ അധ്യാപകർക്കു പരിശീലനവും വേണം. കുഞ്ഞുങ്ങളുടെ പ്രത്യേകചിന്താഗതികളും താല്പര്യങ്ങളും മനസ്സിലാക്കി പഠിപ്പിക്കുന്നതിനു മനഃശാസ്ത്രപരമായ പരിശീലനം അധ്യാപകർക്കു വേണം.

## മതാധ്യാപകനെപ്പററി കൗൺസിൽ

മതബോധനത്തിൽ, പുസ്തകങ്ങളേയും മററുപാധികളേയുംകാൾ പ്രാധാന്യം അവയെ കൈകാര്യംചെയ്യുന്ന മതാധ്യാപകനാണ്. "ലോകത്തിൻെറ അതിരുകളോളം നിങ്ങളെൻെറ സാക്ഷികളായിരിക്കുവിൻ" എന്നു പറഞ്ഞുകൊണ്ടാണു ദിവ്യനാഥൻ സുവിശേഷഘോഷണത്തിനു ശിഷ്യരെ പറഞ്ഞയച്ചതു്. അതേദൗത്യംതന്നെയാണു സഭവഴി ഇന്ന് ഓരോ മതാധ്യാപകനും ക്രിസ്തു നല്കുക. കൗൺസിലുന്നിപ്പറയുന്നുണ്ടിക്കാര്യം:

"അതുപോലെ ജനങ്ങളുടെയിടയിലുള്ള പ്രേഷിതപ്രവർത്തനം മുഴുവനുംതന്നെ നിർവഹിക്കുന്ന സ്ത്രീകളും പുരുഷന്മാരുമടങ്ങിയ വേദാധ്യാപകരുടെ ഗണം പ്രശംസ അർഹിക്കുന്നുണ്ടു്. അപ്പസ്തോലികചൈതന്യത്താൽ പ്രേരിതരായി അവർ തങ്ങളുടെ അതിവിപുലമായ ശ്രമങ്ങൾവഴി വിശ്വാസത്തിൻേറയും സഭയുടേയും പ്രചരണത്തിന് അത്യന്താപേക്ഷിതമായ സേവനം അനുഷ്ഠിക്കുന്നു.

"ഇത്ര വലിയ ഒരു ജനതയോടു സുവിശേഷം പ്രസംഗിക്കുന്നതിനും അജപാലനധർമ്മം നിർവഹിക്കുന്നതിനും വൈദികർ വിരളമായിരിക്കുന്ന ഇക്കാലത്തു വേദാധ്യാപകരുടെ പങ്കു വളരെ പ്രധാന്യമർഹിക്കുന്നതാണു്. വൈദികഗണത്തിൻെറ കരുത്തേറിയ സഹപ്രവർത്തകർ എന്ന നിലയിൽ അവരുടെ ദൗത്യം പുതിയതും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ ചുമതലകളാൽ ഭാരപ്പെട്ടിരിക്കുകയാണെങ്കിലും ആവുന്നത്ര ഭംഗിയായി നിർവ്വഹിക്കത്തക്കവണ്ണം അവരുടെ പരിശീലനം പൂർണ്ണവും സാംസ്കാരികമുന്നേററത്തിനു പര്യാപ്തവും ആയിരിക്കണം.

"ഭാവിവേദാദ്ധ്യാപകർക്കു കത്തോലിക്കാപഠനങ്ങൾ, പ്രത്യേകിച്ചു വിശുദ്ധഗ്രന്ഥത്തിൻേറയും ആരാധനക്രമത്തിൻേറയും അതുപോലെതന്നെ വേദാധ്യാപനരീതിയുടേയും അജപാലനത്തിൻേറയും മണ്ഡലങ്ങളിൽ ശിക്ഷണം ലഭിക്കുവാൻ കഴിയത്തക്കവിധം രൂപതാടിസ്ഥാനത്തിലും പ്രാദേശികാടിസ്ഥാനത്തിലും വേദാധ്യാപകർക്കുള്ള പരിശീലനസ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചു വരണം. തങ്ങളിൽത്തന്നെ ക്രിസ്തീയ തഴക്കങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനും മററുള്ളവരെ ഭക്തിയിലും ജീവിതവിശുദ്ധിയിലും പരിശീലിപ്പിക്കുന്നതിനും പര്യാപ്തമായ കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാവണം. കൂടാതെ, വേദാധ്യാപകൎക്കു അവരുടെ ശുശ്രൂഷാപദ്ധതിക്കു സഹായകമായ ശിക്ഷണത്തിലും സാങ്കേതികവശങ്ങളിലും നവീനവൈദഗ്ദ്ധ്യം ലഭിക്കുന്നതിനും അവരുടെ ആധ്യാത്മികജീവിതം പോഷിപ്പിക്കപ്പെടുന്നതിനും ഉറപ്പിക്കപ്പെടുന്നതിനുംവേണ്ടി ഇടയ്ക്കിടയ്ക്കു സമ്മേളനങ്ങളും പഠനക്കളരികളും നടത്തണം. ഇതിനുംപുറമേ, ഈ ജോലിയിൽ തങ്ങളെത്തന്നെ മുഴുവനായി സമർപ്പിച്ചിരിക്കുന്നവർക്കു നീതിപൂർവ്വകമായ വേതനത്തിലൂടെ മാന്യമായ ജീവിതനിലവാരവും സാമൂഹ്യഭദ്രതയും കൈവരുത്തണം.

"വിശ്വാസപ്രചാരണത്തിനുള്ളതിരുസംഘം മതാധ്യാപകരുടെ പരിശീലനത്തിനും സംരക്ഷണത്തിനുംവേണ്ട പ്രത്യേകസഹായം നല്കണമെന്നു് ഈ സൂനഹദോസ് അഭ്യർത്ഥിക്കുന്നു. ആവശ്യവും യുക്തവുമായിത്തോന്നുന്നുവെങ്കിൽ വേദാധ്യാപകരുടെ ഒരു സംഘടന സ്ഥാപിക്കാം.

"സഭയ്ക്കു് ആവശ്യകമായ സഹായം നല്കുന്ന വേദാധ്യാപകരുടെ മഹനീയസേവനവും സഭ കൃതജ്ഞതയോടെ വിലമതിക്കുന്നു. തങ്ങളുടെതന്നെ സമൂഹങ്ങളിൽ ഇവർ പ്രാർത്ഥനയ്ക്കു നേതൃത്വം വഹിക്കുകയും വിശുദ്ധതത്വങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു. ഇവരുടെ താത്വികവും ആത്മീകവുമായ പരിശീലനത്തിൽ വേണ്ടവിധം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, ആവശ്യമെന്നു തോന്നുന്നിടങ്ങളിൽ തക്ക പരിശീലനം സിദ്ധിച്ച മതാദ്ധ്യാപകർക്കു നൈതികമായ കാനോനികദൗത്യം നല്കി പരസ്യമായ തിരുക്കർമ്മാനുഷ്ഠാനങ്ങൾ ജനങ്ങളുടെയിടയിൽ കൂടുതൽ അധികാരത്തോടെ നിർവഹിക്കുന്നതിനവസരമുണ്ടാക്കണമെന്നും സഭ അഭിലഷിക്കുന്നു". 1

സർവ്വോപരി, ക്രിസ്തുനാഥൻെറ ജീവിതത്തിൻെറ തുടർച്ചയായി ദൈവജനത്തിൻെറ മുമ്പിൽ ക്രിസ്തുവിൻെറ ജീവനുള്ളൊരു സാക്ഷ്യമാണു താനെന്ന ചിന്തയാവണം മതബോധനരംഗത്തേക്കു കാലുകുത്തുന്ന അധ്യാപകനെ നയിക്കുക.

## മതാധ്യാപകൻെറ ആത്മപരിശോധന

മതാധ്യാപകനു് ആത്മപരിശോധനയ്ക്കുതകുന്ന ചില

1. Vat. II, Decree on the Church's Missionary Activity, n. 17.

കാര്യങ്ങൾ ഫാ. ഹോഫിംഗർ അദ്ദേഹത്തിൻെറ പുസ്തകത്തിൽ നിരത്തിവയ്ക്കുന്നുണ്ട്.[1]

## പ്രവർത്തനത്തിൻെറ ലക്ഷ്യം

ദിവ്യസന്ദേശത്തിൻെറ കാതലായ, "ദൈവത്തിൻെറ സ്നേഹം ക്രിസ്തുവിലൂടെ" എന്ന ആശയം ഒരു സദ്വാർത്തയായി ആവിഷ്കരിക്കാൻ എൻെറ ക്ലാസ്സുകൊണ്ടു കഴിയുന്നുണ്ടോ?

ദൈവത്തോടു വ്യക്തിപരമായ ഒരടുപ്പം പുലർത്തിക്കൊണ്ടു ദൈവികക്ഷണത്തിനു മറുപടിപറയാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?

ക്രിസ്തുവിൻെറ കരങ്ങളിൽ ഒരുപകരണമായി ഞാനെന്നെത്തന്നെ പരിഗണിക്കുന്നുണ്ടോ?

## ക്ലാസ്സിന്നൊരുക്കം

ദിവ്യസന്ദേശം ഉദ്ഘോഷിക്കാൻ ശരിയായി ഞാനൊരുങ്ങിയിട്ടുണ്ടോ? പ്രബോധനോപാധികൾ ഒരുക്കിയിട്ടുണ്ടോ?

പ്രസ്തുതവിഷയത്തിലുള്ള എൻെറ അറിവു വർദ്ധിപ്പിക്കാൻ ഞാൻ എന്തുചെയ്യുന്നു?

## അധ്യാപനരീതി

വിദ്യാർത്ഥികൾക്കനുരൂപമായവിധം അവർക്കാകർഷമാക്കി ഞാൻ ക്ലാസ്സെടുക്കുന്നുണ്ടോ?

മതപരമായ ജീവിതത്തിനുത്തേജനം നല്കുന്ന കർമ്മപരിപാടികൾക്കു ക്ലാസ്സിൽ സ്ഥാനംകൊടുക്കുന്നുണ്ടോ?

---

1. Fr. Hofinger, S. J., ABC's of Modern Catechetics, p. 98.

ഉചിതമായ ചോദ്യങ്ങളുന്നയിക്കാനും അവയ്ക്കു ബുദ്ധിപൂർവ്വകമായ മറുപടിപറയാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കാനും എനിക്കു കഴിയുന്നുണ്ടോ?

ഞാനുദ്ഘോഷിക്കുന്ന ദിവ്യസന്ദേശത്തിന്റെ കാതലുററ ഭാഗങ്ങൾ അവയർഹിക്കുന്ന പ്രാധാന്യത്തോടെ വിശദീകരിക്കാനെനിക്കു കഴിയുന്നുണ്ടോ?

## വിദ്യാർത്ഥികളോടുള്ള നിലപാട്°

ഓരോ കുഞ്ഞിലും ഞാൻ ക്രിസ്തുവിനെ കാണുന്നുണ്ടോ?

ദൈവത്തെപ്പററിയും ദൈവികകാര്യങ്ങളെപ്പററിയും പഠിപ്പിക്കുമ്പോൾ ഞാനാദരവു കാട്ടുന്നുണ്ടോ?

ക്ലാസ്സുമുറിക്കകത്തും പുറത്തും മാതൃകാപരമായി വർത്തിക്കാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

വലുതാണൊരു മതാധ്യാപകന്റെ ദൈവവിളി. ആ ദൈവവിളിയോടയാൾക്കു നീതികാട്ടാനാവണമെങ്കിൽ, സ്വന്തം ജീവിതത്തെ ക്രിസ്തുവിനു സാക്ഷ്യമാക്കി മാററാനയാൾക്കു കഴിയണം; ഒപ്പം, ക്രിസ്തീയാദർശങ്ങളിൽ അടിയുറച്ചൊരു ജ്ഞാനവും വേണം.

# ഒരു വാക്കുകൂടി

കേരളത്തിലെ മതബോധനരംഗത്തേക്കൊന്നു ചുഴ്ന്നി റങ്ങിച്ചെല്ലുന്നതിവിടെ ഉചിതമായിരിക്കും. മതബോധനത്തി ൻെറ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കേരളസഭ ചെലുത്തുന്നു ണ്ടോ? സംശയിക്കണം. ആലുവായിൽ ഈയടുത്തകാലത്തു ന ടന്ന സെമിനാറിൽ വ്യക്തമാക്കപ്പെട്ടു കേരളത്തിലെ മത ബോധനത്തിൻെറ പാപ്പരത്തം. വീട്ടിൽനിന്നുവേണം മതപ രമായ ശിക്ഷണത്തിനു തുടക്കമിടുക. പക്ഷേ, മതപരമാ യി കുഞ്ഞുങ്ങൾക്കു ശിക്ഷണംനൽകാൻ കഴിവില്ലാ തെ പോകുന്നു മാതാപിതാക്കൾക്കു്. മതപഠനക്ലാസ്സുകളാ ണെങ്കിൽ പലപ്പോഴും വിരസമാണു്. ചില വൈദികന്മാർ പോലും മതബോധനമെന്ന വലിയകടമയോടു വിശ്വസ്തത കാട്ടുന്നില്ലെന്നതാണു പരമാർത്ഥം. പാഠ്യപുസ്തകങ്ങളുടെ കാ ര്യത്തിലും പഠനസഹായികളുടെ കാര്യത്തിലും കേരളസഭ യ്ക്കാകമാനം സംഘടിതബോധവും ഉണർവും കൈവന്നിട്ടി ല്ല, ഇനിയും. കേരളത്തിനു പൊതുവെയൊരു പാഠ്യപദ്ധതി യും ബൈബിളുമുണ്ടാകുക ഏററവും അടിയന്തരമാണു്. ന മ്മുടെ സ്കൂളുകളിലും സ്ഥാപനങ്ങളിലും വെറും മൂന്നാംസ്ഥാ നമേ മതബോധനത്തിനിന്നുള്ളു. ഉള്ള ക്ലാസ്സുകൾതന്നെ രസ കരമാക്കാൻ ഒരു പദ്ധതിയുമാസൂത്രണം ചെയ്തിട്ടില്ല. മതാ ധ്യാപകരുടെ നിലവാരവും മെച്ചപ്പെട്ടതല്ല. വേണ്ടത്ര പരി ശീലനം ലഭിച്ച മതാധ്യാപകർ വിരലിലെണ്ണാനേ ഉള്ളൂ. അവർക്കതിൽ പരിശീലനം ലഭിക്കണം. അതോടൊപ്പം തങ്ങ ളുടെ ജോലി വിരസമാവാതിരിക്കാൻ വേണ്ടത്ര പ്രോത്സാ ഹനവും കിട്ടണം. മുതിർന്നവർക്കു മതബോധനം നല്കു ന്ന കാര്യത്തിലാണു നാം ഏററവുമധികം പരാജയപ്പെട്ടിരി

ക്കുന്നത്. ഹൈസ്കൂൾവിദ്യാഭ്യാസം കഴിയുന്ന ചെറുപ്പക്കാർക്കാണു മതബോധനമേററവുമാവശ്യം. വിവാഹത്തിനൊരുങ്ങുന്ന ചെറുപ്പക്കാർക്കും ശരിയായ ശിക്ഷണം ലഭിക്കാൻ അവസരമുണ്ടാവണം. ഇതൊക്കെവച്ചു നോക്കുമ്പോൾ, കേരളത്തിലെ മതബോധനരംഗത്ത് അവശ്യമുണ്ടാകണമൊരു പരിവർത്തനം. അല്ലെങ്കിൽ ദൂരവ്യാപകമായിരിക്കും പരിണതഫലം. ചൈനയെയാണിക്കാര്യത്തിൽ ഫാ. ഹോഫിംഗർ ഉദാഹരണമായെടുത്തു കാട്ടിയത്. മതബോധനം അവഗണിക്കപ്പെട്ടിരുന്നില്ലെങ്കിൽ ചൈനയുടെ ഗതി ഇതുപോലെയാവില്ലായിരുന്നെന്നദ്ദേഹം തറച്ചുപറയുന്നു. നേരാണ്, മതബോധനത്തിന്റെ കാര്യത്തിൽ നൂതനങ്ങളായ ചില കർമ്മപരിപാടികളുണ്ടാവണം. സഭാധികാരികളും മതാധ്യാപകരും ഒന്നുചേർന്നുനിന്നുകൊണ്ടുവേണം ഈ പുതിയ പരിപാടിക്കു രൂപംനല്കുക. അപ്പോൾ ഈ രംഗത്തു കേരളസഭയുടെ മുഖം ചൈതന്യമുററതാവും.


## ഒരു സുവർണ്ണാവസരം

മാർച്ച് 1-ാംതീയതിമുതൽ മേയ് 31-ാം തീയതിവരെ എസ്. എച്ച്. ലീഗ് ഗ്രന്ഥങ്ങൾക്ക് വമ്പിച്ച കമ്മീഷൻ ലഭിക്കുന്നതാണ്; 50 ശതമാനംവരെ. കാററലോഗ് വാങ്ങി ഓർഡർ അയയ്ക്കുക.

ജനറൽ സെക്രട്ടറി,
എസ്. എച്ച്. ലീഗ്, ആലുവാ-3.

# BIBLIOGRAPHY


1 DOMINICO GRASSO, *Proclaiming God's Message*, Notre Dame Press, 1965.

2 EMMETT CARTER, G., *The Modern Challenge to Religious Education*, Sadlier, New York, 1961.

3 JOHANNES HOFINGER, S.J., with WILLIAM J. REEDY, *The ABC's of Modern Catechetics*, 1962.

4 JOHANNES HOFINGER, *Pastoral Catechetics*, Herder and Herder, New York, 1964.

5 JOHANNES HOFINGER, ed., *Teaching All Nations*, Herder and Herder, New York, 1961.

6 MARCEL VAN CASTER, S.J., *The Structure of Catechetics*, Herder and Herder, New York, 1965.

7 MARGARET OF JESUS, SR., *Heralding Christ*, Geofrey Chapman, London, 1966.

8 *Report on the Catechetical Seminar Held at St. Joseph's Pontifical Seminary, Alwaye*, Oct. 25-28, 1967.

## മാന്യവരിക്കാർ ശ്രദ്ധിക്കുക

—o—

- ലീഗിന്റെ വരിസംഖ്യ കുടിശിഖയുള്ളവരും 1968 ലെ വരിസംഖ്യ ഇതുവരെ അടച്ചിട്ടില്ലാത്തവരും അതു ഴിയുന്നതും വേഗംതന്നു് സഹായിക്കുക.

- മണിയോർഡറിലും കത്തിടപാടുകളിലും രജിസ്റ്റർനമ്പർ കാണിക്കുവാൻ ഒരിക്കലും മറക്കരുതേ. ഇവിടെ പല മാസികകൾ ഉള്ളതുകൊണ്ടു് "എസ്. എച്ച്. ലീഗ് ദ്വൈമാസിക" എന്നും എഴുതിയിരിക്കണം.

സ് മാററമുണ്ടെങ്കിൽ അതു് ഉടൻ ഓഫീസിൽ
കുക. അല്ലാത്തപക്ഷം മാസിക നിങ്ങളുടെപ
യില്ല എന്നുവരും.

## ...ളുടെ ശ്രദ്ധയ്ക്കു്

° 30വരെ എ
സമയമായ്
കമ

Ke-
at St.
nnes
Insti-
nent,
y Fr.
n the

logi
igild b
ntent. The me-
e and under-
the findings of
iology. The aim
on but make it a
to live a life of
vice of the Word.
the real con-
eming act of

# മതബോധനത്തിലെ പുതിയ നീക്കങ്ങൾ

ജി. പാനികുളം

എസ്. എച്ച്. ലീഗ്